മാർച്ച് 2019

# കുഞ്ഞാടുകളുടെ വെളിച്ചം



മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗ് പ്രസിദ്ധീകരണം

# കുഞ്ഞാടുകളുടെ വെളിച്ചം

മലബാർ സ്വതന്ത്ര സുറിയാനി സഭ
യൂത്ത് ലീഗ് പ്രസിദ്ധീകരണം

സെന്റ് തോമാസ് ചർച്ച്, ഗുരുവായൂർ റോഡ്, കുന്നംകുളം - 680 503
miscylkv@gmail.com

പുസ്തകം : 37 | മാർച്ച് 2019 | ലക്കം : 6

രക്ഷാധികാരി
മോസ്റ്റ്. റവ. സിറിൽ മാർ ബസ്സേലിയോസ്
മെത്രാപ്പോലീത്ത

പത്രാധിപസമിതി

ചീഫ് എഡിറ്റർ
**റവ: ഫാ. അഫ്രേം അന്തിക്കാട്**
9746621024

സബ് എഡിറ്റർ
**ഡീക്കൺ ബെന്ന്യാമിൻ ചിറ്റിലപ്പിള്ളി**

വൈസ് പ്രസിഡന്റ്
**റൈഫിസൺ കെ. ബാബു**

ജനറൽ സെക്രട്ടറി
**റവ: ഫാ. തോമസ് ചീരൻ**
9946835344

ജോ. സെക്രട്ടറി
**അനീഷ് വിൽസൺ**
**ഹന്ന ബെന്നി**

ട്രഷറർ
**ഗീവർ പി. മാണി**
8943903993

അംഗങ്ങൾ
**സനിൽ പി. സഖറിയ**
**സമോഷ് സഖറിയ**
**രഞ്ജു**
**സഞ്ജു**
**ഐറിൻ റോസ്**
**എഡിസൺ**

ഉപദേശകസമിതി
റവ. ഫാ. വർഗ്ഗീസ് വാഴപ്പിള്ളി
ബിജോയ് പി. മാത്യു
വർഗ്ഗീസ് കെ. എ.

**ആയുഷ്ക്കാല വരിസംഖ്യ - 1500/-**
**വാർഷിക വരിസംഖ്യ- 150/-**

## ഉൾത്താളുകളിൽ...

- പത്രാധിപകുറിപ്പുകൾ 2
- ഇടയലേഖനം 3
- നോമ്പ് - ഒരു തിരിഞ്ഞുനോട്ടം 4
- ധ്യാനചിന്ത 5
- Refocus Your Faith 7
- ദൈവരാജ്യം എങ്ങിനെ....... 7
- കാഴ്ച: ദൈവബോധത്തിലേക്ക്..... 8
- ബൈബിൾ ക്വിസ് 13
- വാർത്തകളും കുറിപ്പുകളും 15

കുഞ്ഞാടുകളുടെ വെളിച്ചം
മലബാർ സ്വതന്ത്ര സുറിയാനി സഭ
യൂത്ത് ലീഗ് പ്രസിദ്ധീകരണം

**വായിക്കുക!**
**വരിക്കാരാവുക!!**

# പത്രാധിപക്കുറിപ്പുകൾ

പ്രിയ സ്നേഹിതരേ,

സുറിയാനി ക്രിസ്ത്യാനികൾ ഏറ്റവും സഹനത്തിന്റെ അനുഭവത്തിലൂടെ കടന്നുപോയിരുന്ന നാളുകളിലാണ് നാം ഇപ്പോൾ. വിശുദ്ധ അമ്പതു നോമ്പ് ശരീരത്തിനെയും മനസ്സിനെയും വ്രതശുദ്ധി കൊണ്ട് ആകൽക്കറുസായിൽ നിന്നും പൈശാചിക ചിന്തകളിൽ നിന്നും സ്വത്വത്തെ ബലപ്പെടുത്തുകയും രൂപാന്തരത്തിന്റെ മേൽത്തരമായ വീഞ്ഞായി തീരുന്ന അവസ്ഥ. വിശുദ്ധ സഭ എട്ടാഴ്ച്ചകളിലായി (വീഞ്ഞ്, കുഷ്ഠം, തളർവാതം, പുറജാതിസുധ, കൂനി, അന്ധൻ, ഊശാന, ക്യംത്യാ) കർത്താവിന്റെ അത്ഭുത പ്രവർത്തികളെയും രോഗശാന്തി ശുശ്രൂഷയേയും പീഢനത്തെയും ഉയർപ്പിനെയും വിശ്വാസികൾക്ക് പകർന്നു നല്കുന്നു. സഭ നിരപ്പിന്റെ ശുശ്രൂഷയിൽ പറയുന്നുണ്ട് കർത്താവും പരീക്ഷകനെ ജയിച്ചത് നോമ്പിന്റെ അനുഭവത്തിലൂടെ എന്നാണ്. നോമ്പിന്റെ യഥാർത്ഥമായ കാതൽ കണ്ടെത്തുന്നതായിരിക്കണം നോമ്പനുഷ്ഠാനങ്ങളിലൂടെ സാധ്യമായി തീരേണ്ടത്. ആചാരനുഷ്ഠാനങ്ങൾ കർമ്മഫലം ഇല്ലാതായി തീരുന്നത് യഥാർത്ഥ സത്ത ഉൾക്കൊള്ളാത്തതിനാലാണ്. സ്വാർത്ഥമായ ലാഭത്തിനുവേണ്ടിയല്ല കർത്താവ് പ്രവൃത്തിച്ചത്. അതുകൊണ്ട് തന്നെ അതിന്റെ പ്രതിഫലം ഇവിടെ കഷ്ടാനുഭവം മാത്രമായിരുന്നു. എന്നാൽ ദൈവത്തിന്റെ സന്നിധിയിൽ നീതിയുള്ളവനായി നില്ക്കുവാൻ കർത്താവിന് സാധിച്ചു. പ്രിയമുള്ളവരെ ദൈവത്തിന്റെ സന്നിധിയിൽ കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ നീതിയുള്ളവരായിട്ട് നിൽക്കുവാൻ ഒരുക്കമുള്ളവരായിട്ട് തീരുവാൻ സാധിക്കട്ടെ.

കഴിഞ്ഞ നാളുകളിൽ വീരമൃത്യു മരിച്ച ധീരജവാന്മാരെ ഓർക്കുന്നതിനോടൊപ്പം ധീരതയിൽ വിളങ്ങിയ അഭിനന്ദന് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

ദൈവം നമ്മെ ശക്തീകരിക്കട്ടെ.

എന്ന്
ഫാ. അഫ്രേം അന്തിക്കാട്
ചീഫ് എഡിറ്റർ

# MALABAR INDEPENDENT SYRIAN CHURCH

**Most. Rev. Cyril Mar Basseliose Metropolitan**
Supreme Head and Permanent Trustee

St. George Cathedral
Thozhiyur-680 520

# ഇടയലേഖനം

കർത്താവിനാൽ അനുഗ്രഹീതരേ,

ഒരു വലിയ നോമ്പിലേക്ക് കൂടി നാം പ്രവേശിച്ചിരിക്കയാണല്ലൊ ? പ്രാർത്ഥനയോടും ഉപവാസത്തോടും വൃതശുദ്ധിയോടും നോമ്പനുഷ്ഠിക്കാൻ ദൈവം ശക്തി പകരട്ടെ.

ജീവിതത്തിൽ, നമ്മുടെ ഗതികെട്ട നിമിഷങ്ങളിൽ നമ്മെ സഹായിക്കാൻ സാധിക്കുമായിരുന്നിട്ടും സഹായിക്കാതിരുന്ന വ്യക്തികളെ പറ്റിയുള്ള വേദനിക്കുന്ന ഓർമ്മകൾ നമ്മുടെ മനസ്സിൽ ഉണ്ടാകും. അത്തരം കഥകൾ ഓർമ്മിപ്പിച്ചും, ഓർമിച്ചും മനസ്സിനെ ഭാരപ്പെടുത്തുന്നില്ല. എങ്കിലും ഒന്ന് പറയട്ടെ. സഹായിക്കാത്ത പലരും അതിന് ഓരോരോ ന്യായങ്ങൾ പറയും. അത് എന്റെ ഉത്തരവാദിത്വമല്ലല്ലോ? അത് സ്വയം വരുത്തിവച്ചതല്ലേ? അനുഭവിച്ചോട്ടേ. എനിക്ക് തീരേ സമയമില്ല. ഞാൻ തിരക്കിലാണ്. എനിക്ക് നല്ല സാമ്പത്തിക ഞെരുക്കമുള്ള സമയമാണല്ലോ ? അതിനാൽ നിവൃത്തിയില്ല. ഇങ്ങിനെ പല ന്യായങ്ങളും അവർ പറഞ്ഞ് ഒഴിയും.

വിശുദ്ധ ലൂക്കോസ് 10: 25-37 ഭാഗങ്ങളിൽ നല്ല ശമര്യാക്കാരന്റെ ഉപമയാണ് യേശു പറയുന്നത്. കൊള്ളക്കാരാൽ ആക്രമിക്കപ്പെട്ട വഴിയാത്രക്കാരൻ മണ്ടത്തരം കാണിച്ചു. അഥവാ വലിയ ധൈര്യം കാണിച്ചു. ആരും തന്നെ യെരുശലേമിൽ നിന്ന് യെരീഹോവിലേക്ക് യാത്ര ചെയ്യാറില്ല. കാരണം വിജനമായ വഴിയാണ്. വഴി വക്കത്ത് കള്ളന്മാർ ഒളിച്ചിരുന്ന് ആക്രമിക്കുവാനും പിടിച്ച് പറിച്ച് കൊള്ളയടിക്കാറും പതിവുണ്ട്. ഇതൊക്കെ അറിയാമായിരുന്നിട്ടും ഈ മനുഷ്യൻ ഒറ്റക്ക് യാത്ര ചെയ്ത് അപകടത്തിൽപ്പെട്ടു. അതിനാൽ അദ്ദേഹത്തെ സഹായിക്കേണ്ട കാര്യമില്ല. ഇത് ഒരു തരത്തിലുള്ള ന്യായം.

കള്ളന്മാർ വഴിവക്കത്ത് പതിയിരിപ്പുണ്ടാവും. സഹായിക്കാൻ ഇറങ്ങിയാൽ അവർ തന്നെയും ആക്രമിക്കും. അതിനാൽ അപകടം വിളിച്ചുവരുത്തേണ്ടതില്ല. ഇത് വേറെ ഒരു ന്യായം. മൃതശരീരത്തിൽ തൊട്ടാൽ അശുദ്ധമാകും. പിന്നീട് ശുദ്ധീകരണ കർമ്മങ്ങൾ ചെയ്താൽ മാത്രമെ പുരോഹിത ശുശ്രൂഷകൾ ചെയ്യാൻ കഴിയൂ. വഴിയരികിൽ കിടക്കുന്ന ആൾ മരിച്ചതാണെങ്കിൽ ഈ പ്രശ്നങ്ങൾ എല്ലാമുണ്ടാവും. അതൊക്കെ ഒഴിവാക്കുകയല്ലേ ബുദ്ധി? ഇത് വേറൊരു ന്യായം. ഇങ്ങനെ ന്യായം പറഞ്ഞവരൊന്നും സഹായിച്ചില്ല. നല്ല ശമരിയാക്കാരൻ വേറൊരു ന്യായമാണ് കണ്ടെത്തിയത്. അയാൾ ആക്രമിക്കപ്പെട്ട് കൊള്ളയടിക്കപ്പെട്ട്, നിസ്സഹായനായി കിടക്കുന്നു. അയാൾക്ക് സഹായം വേണം. ആരെങ്കിലും സഹായിക്കണം. എനിക്ക് സഹായിക്കാവുന്ന കാര്യമാണിത്. അതു കൊണ്ട് ഞാൻ സഹായിക്കും. ഈ ന്യായത്തിന്റെ പുറത്താണ് നല്ല ശമരിയാക്കാരൻ സഹായിക്കുവാൻ പോയത്. ഉപമ പറഞ്ഞശേഷം യേശു തമ്പുരാൻ, ആരാണ് എന്റെ കൂട്ടുകാരൻ എന്ന് ചോദിച്ച മനുഷ്യനോട് പറഞ്ഞത് ഇങ്ങനെയാണ്: "നീയും പോയി അതുപോലെ ചെയ്യുക".

ഇതു പോലെ സഹായിക്കുവാനും രക്ഷിക്കുവാനും കഴിയുന്ന അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ ധാരാളം കിട്ടും. അത്തരം അവസരങ്ങൾ നന്നായി ഉപയോഗപ്പെടുത്തിയതിന്റെ നല്ല ഓർമ്മകളും സന്തോഷവും നമ്മളെല്ലാവരുടേയും തന്നെ മനസ്സിലുണ്ട്. ഇനിയും കിട്ടുന്ന അവസരങ്ങൾ നമ്മുക്ക് ഉപയോഗിക്കാം. അതിന് നല്ല ശമര്യക്കാരൻ കണ്ടെത്തിയ ന്യായം നമ്മുടെ മനസ്സിലുമുണ്ടാവണം. ഇത്തരം ധാരാളം നല്ല ശമര്യക്കാർ ഇന്നും ഉണ്ടെന്നത് ഓർക്കാം. കരുണ വറ്റി പോയെന്ന് നാം കരുതുന്ന ലോകത്തിൽ കരുണ വറ്റാത്ത മനുഷ്യരുണ്ട്. അങ്ങിനെ എത്രപേരോട് നമ്മൾ കരുണ കാണിച്ചിരിക്കുന്നു. അങ്ങിനെ എത്ര പേരോട് കരുണ കാണിക്കാമായിരുന്ന അവസരങ്ങൾ നമ്മളും മറ്റുള്ളവരും നഷ്ടപ്പെടുത്തിയിരിക്കുന്നു. നമ്മൾ കാണിക്കുന്ന കാരുണ്യ പ്രവൃത്തികൾ നമ്മുടെ പാപമോചനത്തിന് കാരണമാകും. മറ്റുള്ളവർ നമ്മോട് കരുണ കാണിക്കാൻ കാരണമാകും. ദൈവം നമ്മോട് കരുണ കാണിക്കുവാനും കാരണമാകും. അത്തരത്തിൽ പ്രവൃത്തിക്കാൻ സ്വർഗ്ഗസ്ഥനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ
(ഒപ്പ്)
സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത

ബീന ഡേവീസ്, പെരിങ്ങോട്

# നോമ്പ് – ഒരു തിരിഞ്ഞുനോട്ടം

വീണ്ടും നമ്മൾ ഒരു നോമ്പുകാലഘട്ടത്തിലേക്ക് എത്തിയിരിക്കുകയാണ്. ഈ ഒരു കാലഘട്ടത്തിൽ നമ്മിലേക്ക് ഒരു തിരിഞ്ഞുനോട്ടം അനിവാര്യമായ ഒരു സമയമാണെന്ന് തോന്നുന്നു. എന്താണ് നോമ്പ്? നോമ്പ് എന്നാൽ നോവുള്ള അൻപ്. സ്വയം കണ്ടെത്താനും, തിരിച്ചറിയലുകൾക്കുമുള്ള ഒരു അവസരമാണ് നോമ്പ്. വെറും ഭക്ഷണം വെടിഞ്ഞ് ആചാരമായി കണക്കാക്കാനുള്ള നോമ്പ് പ്രത്യുത ക്രിസ്തുവിനായ് എന്ത് ഉപേക്ഷിക്കാം ? അവനു വേണ്ടി എന്ത് ചെയ്യാം എന്ന് നമ്മെ തന്നെ ശോധന ചെയ്യുവാനുള്ള ഒരു അവസരം കൂടിയായിരിക്കണം നോമ്പ്. നോമ്പ് നമുക്ക് എന്തെല്ലാം തരുന്നു എന്ന് നമുക്ക് പരിശോധിക്കാം.

**1. നോമ്പ്**

പുതിയ ദർശനം നൽകുന്നു. മർക്കോസ് 10 –46–52 വരെയുള്ള വേദഭാഗങ്ങൾ പരിശോധിച്ചാൽ അവിടെ ബർത്തിമായി എന്ന കുരുടനെ നാം കാണുന്നു. അതുവരേയും ബർത്തിമായി കുരുടനായിരുന്നു. എന്നാൽ യേശു അവന് സൗഖ്യം കൊടുത്തതോടുകൂടി അവന് കാഴ്ചപ്രാപിച്ചു. ബാഹികമായ കാഴ്ച ലഭിച്ചതോടൊപ്പം അവൻ യേശുവിനെ ശരിയായി അറിഞ്ഞു. അപ്പോൾ അവന് ആത്മീകമായ കാഴ്ച ലഭിച്ചു. അവൻ യേശുവിനെ അനുഗമിച്ചു. അതായത് ബർത്തിമായിക്ക് യഥാർത്ഥ ദർശനം ലഭിച്ചു. അവൻ യേശുവിനെ അനുഗമിച്ചു. നാമും യഥാർത്ഥ ദർശനമുള്ളവരായി ഈ നോമ്പു കാലഘട്ടത്തിലൂടെ മാറ്റത്തിന് വിധേയരാകണം.

**2. നോമ്പ് – ഒരു മടക്കയാത്ര**

ലൂക്കോസ് 15–ാം അദ്ധ്യായം നാം പരിശോധിക്കുമ്പോൾ നമ്മൾ അവിടെ മുടിയനായ പുത്രനെ കാണുന്നു. ജീവിതത്തിലെ സകല സൗഭാഗ്യങ്ങളും, ധനവും, സ്വന്തം പിതൃഭവനം കൂടി ഉപേക്ഷിച്ച അവന് സർവ്വവും നഷ്ടപ്പെട്ടപ്പോൾ അവൻ അവന്റെ അപ്പനെ ഓർത്തു, പിതൃഭവനം ഓർത്തു. അനുതാപത്തോടുകൂടി മടങ്ങി വന്ന മകനെ അപ്പൻ ഇരട്ടി സ്നേഹത്തോടെ സ്വീകരിക്കുന്നു. സുബോധം വന്ന മകൻ അപ്പന്റെ അടുക്കലേക്ക് മടങ്ങുന്നു. ക്രിസ്തുവിങ്കലേക്ക് ഒരു മടങ്ങി വരവ് നമുക്ക് ആവശ്യമല്ലേ ? നമ്മുടെ പാപത്തിൽ നിന്ന്, ശാപത്തിൽ നിന്ന്, ജഡികതയിൽ നിന്ന് ഒക്കെ ഒരു മടങ്ങിവരവ് നമുക്ക് ആവശ്യമല്ലേ ? അനുതാപത്തിലൂടെ മാത്രമേ നമുക്ക് ക്രിസ്തുവിങ്കലേക്ക് മടങ്ങിവരുവാൻ സാധിക്കുകയുള്ളൂ. ഈ നോമ്പുകാലഘട്ടത്തിൽ യഥാർത്ഥമായും ക്രിസ്തുവിങ്കലേക്ക് മടങ്ങി വരുവാൻ നമുക്ക് സാധിക്കണം.

**3. നോമ്പ് – പരീക്ഷണ മദ്ധ്യേ വിജയക്കൊടി**

ലൂക്കോസ് 4–1–12, 40 ദിവസം നോമ്പെടുത്ത നമ്മുടെ കർത്താവിനെ, അനുഭവങ്ങളിൽ തളരാതെ നിന്ന നമ്മുടെ ദൈവത്തെ പുതിയ തന്ത്രങ്ങളിൽ കുടുക്കുന്ന സാത്താനെ കാണാം. അതിലൊന്നും തളരാതെ കല്ല് അപ്പമാക്കാതെ സ്വയം അപ്പമായി മാറിയവൻ, വിജയശ്രീലാളിതനായ നമ്മുടെ കർത്താവിനെ കാണാം. ദൈവീക സംസർഗ്ഗത്തിൽ ദൈവിക ഭാവം നമ്മളിൽ ഉളവാകുന്ന വചനം പഠിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ ഏത് പരീക്ഷകളേയും നമുക്ക് അതിജീവിക്കാം. ഈ നോമ്പിന്റെ കാലത്ത് വചനം പഠിച്ച് വചനത്തിൽ ഉറച്ചു നിന്ന് നമുക്ക് ജയാളികളാകണം.

**4. നോമ്പ് – ഒരു രൂപാന്തരീകരണമാണ്**

യോഹ – 2 – 1–11 വരെയുള്ള വേദഭാഗങ്ങളിൽ കാനാവിലെ കല്ല്യാണ വീട്ടിൽ പച്ച വെള്ളം വീഞ്ഞാക്കി മാറ്റിയ സംഭവം കാണാം. കാനാവിലെ കല്ല്യാണ വീട്ടിൽ ശിഷ്യൻമാരേയും കൂടിയിരിക്കുന്ന ജനത്തേയും രൂപാന്തരപ്പെടുത്തുന്ന യേശുവിന്റെ സാന്നിധ്യം പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയ യേശുവിന്റെ മഹനീയ സാന്നിധ്യം. ഈ നാളുകളിൽ നമുക്ക് അവനോട് അടുത്തിരുന്ന്, ആ മഹത്വം ദർശിക്കാം. നമുക്കും പച്ചവെള്ളത്തിന്റെ അവസ്ഥയിൽ നിന്ന് മേത്തരമായ വീഞ്ഞായി മാറാം. നോമ്പ് കേവലം ആചാരമാകാതെ, വിടുതലിന്റെ പ്രത്യാശയുടെ, മഹത്വത്തിന്റെ പുതിയ ദർശനം ലഭിച്ചവരായി, യഥാർത്ഥ അനുതാപത്തിലൂടെ, പരീക്ഷണങ്ങളിൽ വിജയിക്കുന്ന യഥാർത്ഥ രൂപാന്തരീകരണം ലഭിച്ച ഒരു വലിയ അനുഭവം ലഭിച്ചവരായി ഈ നോമ്പു കാലം മാറട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഉപസംഹാരം: പ്രിയമുള്ളവരെ ബർത്തിമായിക്ക് ലഭിച്ച ഉൾക്കാഴ്ച പോലെ; മുടിയനായ പുത്രനുണ്ടായ അനുതാപത്തിലൂടെയുള്ള മടക്കയാത്ര പോലെ, കർത്താവ് നമുക്ക് കാണിച്ചു തന്ന വിജയത്തിന്റെ അനുഭവത്തിലൂടെ യഥാർത്ഥ രൂപാന്തരത്തിന്റെ മേൽത്തരമായ ക്രിസ്തീയ അനുഭവത്തിലൂടെ മുന്നേറാനുള്ള ആകൽകറുസായ്ക്കെതിരെയുള്ള യുദ്ധത്തിന്റെ വിജയക്കൊടിയായി നമുക്ക് മുന്നേറാം. അതിന് നോമ്പ് കാലം നമുക്ക് അനുഗ്രഹമായിത്തീരട്ടെ. ദൈവത്തിന്റെ ആത്മാവ് നമ്മിൽ പരിവർത്തിക്കട്ടെ, ദൈവം അനുഗ്രഹിക്കട്ടെ.

റെയ്ബിൻ തങ്കച്ചൻ

# ധ്യാനചിന്ത

**01 John 4:1-6**

പുതിയ നിയമത്തിൽ പൊതുലേഖനം എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലേഖനമാണ് യോഹന്നാൻ എഴുതിയ ലേഖനങ്ങൾ. അപ്പൊസ്തലന്മാരിൽ ഒരുവനും സെബദിപുത്രനുമായ യോഹന്നാൻ ഇവ രചിച്ചു എന്ന വിശ്വസിക്കുന്നു. ഈ ലേഖനങ്ങളും പരസ്പരം ബന്ധപ്പെട്ടവായാണ്. മാത്രമല്ല ഈ ലേഖനങ്ങൾക്ക് വി.യോഹന്നാന്റെ സുവിശേഷത്തോടുള്ള ബന്ധം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ഭാഷയിലും ആശയത്തിലും പ്രതിപാദനത്തിലും ഇവ സാമ്യം വഹിക്കുന്നുണ്ട്. ഈ ലേഖനങ്ങൾ ഒരേ പശ്ചാത്തലത്തിൽ നിന്ന് എഴുതപ്പെട്ടവയാണ്. ഗ്രന്ഥകർത്തൃത്വത്തെപ്പറ്റിയുള്ള അഭിപ്രായം ഏതു വിധത്തിൽ ആയിരുന്നാലും വളർന്നു വികസിക്കുന്ന സഭയുടെ എതിർപ്പുകൾക്കും പാഷാണ്ഡോപദേശങ്ങൾക്കും അതീതമായി ശക്തിയോടെ മുന്നേറുന്ന സഭയുടെ തുടിപ്പുകളാണ് ഈ ലേഖനങ്ങളിൽ കേൾക്കുന്നത്. അടിസ്ഥാനപരമായി വിശ്വാസങ്ങളുടെ വിശകലനവും ക്രിസ്തീയ ജീവിതത്തിൽ സ്വീകരിക്കേണ്ട ധർമ്മോപദേശങ്ങളുടെ സംഗ്രഹവും ഇവയിൽ കാണാം. 1 യോഹന്നാൻ 4 അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങളെ വ്യാജ ആത്മാവും ദൈവാത്മാവും വേദിവിപരീതികളെപ്പറ്റിയുള്ള സംവാദമാണ് ഈ ഭാഗത്തുള്ള ഒരു പശ്ചാത്തലം പ്രത്യേകമായി ഒരു തിരഞ്ഞെടുപ്പ് ഈ ഭാഗത്ത് കാണുന്നുണ്ട്. ശരി ഏത് തെറ്റ് ഏതെന്നുള്ള ഒരു തിരഞ്ഞെടുപ്പ് ഒരു ക്രിസ്തീയ ജീവിതത്തിലെ ഒരു വ്യക്തി താൻ തിരഞ്ഞെടുക്കുന്ന ആത്മാവ് ഏത് എന്നതിന്റെ പ്രാധാന്യം ഇവിടെ ഉണ്ട്. കാരണം (വാ:2) പറയുന്നു. "യേശു ക്രിസ്തു ജഢത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്" ശരിക്കും യേശു ക്രിസ്തുവിനെ തിരഞ്ഞെടുക്കുന്നത് ആണ്. നല്ല ആത്മാവിനെ തിരഞ്ഞെടുക്കുന്നു എന്നു പറയുന്നത് ആത്മാവ് അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്. അതിനെ നാമും തിരഞ്ഞെടുക്കുന്നതാണ്. ഇവിടെ പ്രധാന്യം എന്തെന്നാൽ സത്യത്തിന്റെ ആത്മാവും വഞ്ചനയുടെ ആത്മാവും ഇന്ന് ലോകത്ത് ഉണ്ട്. അവയെ തിരഞ്ഞെടുക്കുന്നത് ക്രിസ്തീയ ജീവിതത്തിലെ ഒരു വ്യക്തിയുടെയും വെല്ലുവിളിയാണ്. സ്വയമായി യേശുക്രിസ്തുവിനെ സ്വീകരിക്കുക എന്ന അതായത് യേശുവിനോട് നാം അനുരൂപപ്പെടുക എന്നതാണ്. ക്രിസ്തീയ ജീവിതത്തിലെ നാം ആത്മാവിനെ സ്വീകരിക്കുകയും അതു വഴി നാം അനുഭവിക്കാൻ പോകുന്ന അവസ്ഥകലും നേരിടാൻ പോകുന്ന വെല്ലുവിളികളും ഏറെ ചിന്തിക്കുവാനും ശരിയെ തിരഞ്ഞെടുക്കുവാനും നമുക്ക് സാധിക്കണം. ഇന്നും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ആത്മാവ് അത് സത്യമോ വഞ്ചനയോ എന്ന തിരിച്ചറിവിലൊക്കെ നാം പ്രവേശിക്കേണ്ടിയിരിക്കുന്നു. ഇന്നും ലോകത്തിലുള്ള വഞ്ചനയുടെ ആത്മാവ് കൂടെയുള്ള പോരാട്ടവും നാം തിരഞ്ഞെടുക്കുന്ന യേശു ക്രിസ്തുവിന്റെ സാന്നിദ്ധ്യവും വഞ്ചനമേലുള്ള വിജയവും ഇവയെ പറ്റി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുക്ക് നമ്മുടെ ചിന്തകളെ വിശാലമാക്കാം.

### 1. സത്യ ആത്മബോധത്തെ വെളിവാക്കുന്ന ക്രിസ്തു സാന്നിധ്യം

യേശുവിന്റെ സാന്നിധ്യമാണ് സത്യത്തെയും വഞ്ചനയെയും തിരിച്ചറിയാൻ ഒരു വ്യക്തിയെ പ്രേരിതമാക്കുന്നത്. സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും തമ്മിൽ വിവേചിക്കേണ്ടതാണ് പ്രവചനം ആത്മാവിന്റെ മാനദണ്ഡം അല്ല; വഞ്ചനയുടെ ആത്മാവിലും പ്രവചനം നടക്കുന്നു. സത്യത്തിന്റെ ആത്മാവിനെ തിരിച്ചറിഞ്ഞു സത്യാത്മപ്രേരിതമായ പ്രവചനം മാത്രമേ സ്വീകരിക്കാവൂ. വഞ്ചനയുടെ ആത്മാവും പ്രകൃത്യാതിത ശക്തിയോടുകൂടെ പ്രദർശിപ്പിക്കപ്പെടുന്നു എന്നുള്ളത് യെഹൂദ മത സാഹിത്യത്തിലും ക്രിസ്തീയ സാഹിത്യത്തിലും ധാരാളമായി കാണുന്നുണ്ട്. അത് അന്ത്യ നാഴികയുടെ ലക്ഷണമായി കരുതപ്പെടുന്നു. വി.മത്തായി എഴുതിയ സുവിശേഷം 24 അദ്ധ്യായം 3 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ അന്ത്യ നാഴികയെയും കള്ള പ്രവാചകന്മാരെ പറ്റിയും പറയുന്നുണ്ട്. പുതിയ നിയമത്തിലും പഴയ നിയമത്തിലും പ്രവാചകർ വെളിപ്പാടിന്റെ നായകനും ആത്മാക്കളുടെ വക്താവുമാകയാൽ ചൈതന്യനിർഭരവും നവീനവുമായ അരുളപ്പാടുകൾക്കുവേണ്ടി വിശ്വാസികൾ സുവിശേഷകന്മാരിലും ഉപദേഷ്ടക്കന്മാരിലും നോക്കുന്നതിനെക്കാൾ അധികം പ്രവാചകന്മാരിലേക്കു നോക്കുന്നതായി കാണാം. അതിനാൽ പ്രവാചകന്മാരുടെ പ്രവചനങ്ങൾക്കാണ് വിശ്വാസികൾ പ്രാധാന്യം നൽകുന്നത്. എന്നാൽ അവിടെ സത്യത്തിന്റെ പ്രവാചകൻ ആര് എന്നും കള്ള

പ്രവാചകൻ ആര് എന്നുള്ള തിരിച്ചറിവ് ഉണ്ടാകുന്നില്ല. സത്യത്തിന്റെ ആത്മാവേ എന്ന് യേശുക്രിസ്തുവിനെ ആ ആത്മാവിനെ തിരഞ്ഞെടുക്കുക അല്ലെങ്കിൽ സ്വീകരിക്കുക എന്നത്. ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യമാണ്. ഈ സമൂഹസാഹചര്യത്തിലെ ജ്ഞാനമതവാദി പ്രചരിപ്പിച്ച ഒരു ദുരുപദേശമാണ് (വാ: 2) ദർപ്പിക്കുന്നത് പോലെ യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. ജ്ഞാനമതവാദികൾ പറഞ്ഞിരുന്നത് യേശുക്രിസ്തു ജഡത്തിൽ വന്നില്ല എന്നായിരുന്നു. ജ്ഞാനമതവാദികളുടെ ഈ ദുരുപദേശചിന്തയുടെ മേലുള്ള ഒരു പോരാട്ടമാണ് ഈ ഭാഗം നമ്മേ കാണിച്ചു തരുന്നത്. അതിനാൽ യേശു ക്രിസ്തുവിന്റെ സാന്നിധ്യമാണ് സത്യ ആത്മ ബോധത്തിലേക്ക് നമ്മെ നയിക്കുന്നത്. യേശു ജഡം ധരിച്ച വചനമാണെന്ന് എന്നും സത്യആത്മ ബോധത്തിലേക്ക് അന്ന് ഉണ്ടായിരുന്ന ഈ ദുരുപദേശചിന്ത അല്ലെങ്കിൽ വ്യാജാത്നയുടെ ആത്മാവ് അവിടെ അവസാനിച്ചു എന്ന് ഇല്ല. വേദഭാഗം നമ്മെ ഓർപ്പിക്കുന്നതുപോലെ "അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്" (വാ:3) ഇന്നും ഇവർ ഈ ലോകത്തിൽ ജ്ഞാനമതവാദികൾ പ്രചരിപ്പിച്ച ദുരുപദേശംപ്പോലെ തന്നെ ഇന്നും ദുരുപദേശം പ്രചരിപ്പിക്കുന്നുണ്ട്. ഇതിന്മേൽ യേശുവിനെ സ്വീകരിച്ച നാമോരോരുത്തർക്കും ദുരുപദേശങ്ങളുടെ മേൽ പോരാടിക്കേണ്ടത് ആവശ്യമാണ്. യേശു എന്ന സത്യത്തിന് വേണ്ടി ഇതു ക്രിസ്തുവിശ്വാസം ആയിരിക്കുന്ന നാം ഓരോരുത്തരുടെയും ദൗത്യമാണ് അതിനാൽ നമ്മിലുള്ളത് ഏത് ആത്മാവ് എന്ന് ശോധന ചെയ്‌വിൻ. അതിനാൽ സത്യത്തിന്റെ ആത്മാവിനെ സ്വീകരിക്കുകയും ക്രിസ്തു സാന്നിധ്യം അനുഭവിക്കാം. അതിനായി നമ്മുക്ക് ഒരുങ്ങാം.

**2. ജഡം ധരിച്ച വചനം യേശു**

സത്യത്തിന്റെ മേലുള്ള പോരാട്ടമാണ് നിഷേധം. ഇവിടെ യോഹന്നാൻ ഉദ്ബോധിപ്പിക്കുന്നത്. ജ്ഞാനമതവാദികളെ യേശു ജഡം ധരിച്ച വചനമാണെന്ന് അവർ സ്വീകരിച്ചിരുന്നില്ല (1 യോഹ.2:22, 4:2; 2 യോഹ 7) ഈ ഭാഗത്തെ പ്രതിപാദിച്ചിരിക്കുന്നു. അതു പോലെ തന്നെ യേശു ക്രിസ്തു ജഡത്തിൽ മരിച്ചെന്നും തന്റെ മരണം മൂലം ലോകത്തിന് പാപം പരിഹാരം വരുത്തിയെന്നും അവർ വിശ്വസിച്ചിരുന്നില്ല. ഇതാണ് ജ്ഞാനമതവാദികളുടെ ഉപദേശങ്ങളെ..അതുപോലെ അവരുടെ പഠിപ്പിക്കലുകൾ ആണ്.

1. പരിശുദ്ധനായ ദൈവത്തിന് ജഡമെടുക്കുക സാദ്ധ്യമല്ല.
2. പദാർത്ഥമയമായ ലോകം തിന്മയാണ്.
3. ആയതിനാൽ ജഡവും തിന്മയാകാതെ നിവൃത്തിയില്ല
4. യേശുവിനെ രക്ഷകനായി സ്വീകരിച്ചിരുന്ന അവർ ക്രിസ്തുവിന്റെ ശരീരധാരണത്തെ മായാദൃശ്യമെന്നാണ് പറഞ്ഞിരുന്നത്. ഭൂമി തിന്മയായതിനാൽ യേശുവിന്റെ കാല്പാദങ്ങൾ മണ്ണിൽ നിപതിച്ചിരുന്നില്ല എന്ന് പഠിപ്പിച്ചു.
5. രക്ഷ എന്നത് പദാർത്ഥത്തിൽ നിന്ന് ആത്മാവിന്റെ വിടുതലാണ്.
6. ശരീരത്തിന്റെ ദുഷ്പ്രവൃത്തി ആത്മാവിനെ കളങ്കപ്പെടുത്തുകയില്ല.

ശരിക്കും ഇതിൻമേൽ ഉള്ള യോഹന്നാന്റെ ഒരു പ്രഖ്യാപനമാണ് "യേശുവിനെ കണ്ടു തൊട്ടു അനുഭവിച്ചു എന്ന് യോഹന്നാൻ പറയുന്നു. ക്രിസ്തു കേവലം ആത്മവല്ല ശരീരം ധരിച്ചവനാണ്" (1 യോഹ 1:1,2) സത്യത്തിന്റെ മേലുള്ള നിഷേധമാണ് ജ്ഞാനമതവാദികളുടെ പഠിപ്പിക്കലും ഉപദേശങ്ങളും സത്യം എന്നത് വിജയിക്കുവാനുള്ളതാണ്. ഒരു പക്ഷേ ഈ നിഷേധത്തിൻ മേലുള്ള വിജയമാണ് യോഹന്നാന്റെ അനുഭവത്തിൽ നിന്നുള്ള ഒരു ഏറ്റു പറച്ചിൽ. കണ്ടും, തൊട്ടും അനുഭവിച്ച ക്രിസ്തു കേവലം ആത്മാവല്ല. ശരീരം ധരിച്ചവനാണ്. ഇത് ദുരുദേശത്തിന്മേലുള്ള വിജയമാണ്. ഇന്നും നിലനിൽക്കുന്നതായ ദുരുപദേശ ശക്തിക്കെതിരായിട്ടാണ് ക്രിസ്ത്യാനിയുടെയും സഭയുടെയും പോരാട്ടം ഈ പോരാട്ടത്തിൽ നാം തനിച്ചല്ല. ക്രിസ്തുവിനോടു കൂടെയാണ്. ക്രിസ്തു അവനെ ജയിച്ചു കഴിഞ്ഞിരിക്കുന്നു. ആ വിജയത്തിന്റെ ഫലം അനുഭവമാക്കുന്നതിനുള്ള പോരാട്ടമാണു നാം ചെയ്യേണ്ടത്.

ക്രിസ്തു സാന്നിധ്യത്തിൽ നിന്നുകൊണ്ട് സത്യ ആത്മാവിനെ തിരിച്ചറിഞ്ഞ് സ്വീകരിക്കുകയും സത്യത്തിന്മേലുള്ള നിഷേധങ്ങൾക്കെതിരെയും ദുരുപദേശങ്ങൾക്കെതിരായും നിന്ന് കൊണ്ട് പോരാടി വിജയം കൈവരിക്കാം. അതിന് ദൈവം നമ്മേ സഹായിക്കട്ടെ.



Elizabeth George
Newyork, U.S.A.

# Refocus Your Faith

If you aren't careful you can spend all day - and all might - doing less important tasks - anything - to put off the most difficult, but most rewarding "task" of all - praying. Why is it so hard to pray ? Well, for one thing .....you leave in the world. The world affects you more than you think. It bombards you wih encouragement to sin or distracts you from the things of God. Do you ever become so busy you forget to pray? To reflect ? To take time to consider the decisions you are making ?

Very few voices in the world encouraged you to take care of spiritual thing. And prayer is spiritual exercise. It cuts through the busyness and refocuses your eyes, heart, mind and full attention back on God. So take change and pray.

***God the world can be pretty interesting and enticing. When my thoughts are more about clothes, friends, music, movies and money than about faith, help me get my eyes back on you through prayer.***

***Amen !***

# ദൈവരാജ്യം എങ്ങിനെ വിഭാവനം ചെയ്യാം

ശോഭ ജോസഫ്, കല്ലുംപുറം

ഒരുവൻ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരണമെങ്കിൽ ഒരുപാട് കഷ്ടതകൾ സഹിക്കണം. ഒരു ക്രിസ്ത്യാനി സ്വർഗ്ഗത്തിലേക്ക് എത്തുന്നത് ഇടുക്കവും, ഞെരുക്കമുള്ള വഴിയിലൂടെയാണ്. ഇടുക്കവും ഞെരുക്കവും എന്നുദ്ദേശിക്കുന്നത് തികച്ചും ബുദ്ധിമുട്ടുകളും, പ്രതിസന്ധികളും നിറഞ്ഞ ജീവിതാനുഭവങ്ങളാണ്. സുഖലോലുപതയുടെ വിശാലമായ വഴി ഒരു ക്രിസ്ത്യാനിക്കുള്ളതല്ല. എന്നെ അനുഗമിക്കുന്നവൻ കുരിശെടുക്കട്ടെ എന്ന് യേശു തമ്പുരാൻ പറയുന്നു. ഇവിടേയും കുരിശ് എന്നുദ്ദേശിക്കുന്നത് നാം നേരിടുന്നതായ കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങൾ തന്നെ. ലോകത്തിന്റെ ആഢംബരത്തിൽ കഴിയുന്നവർ സ്വർഗ്ഗത്തിൽ കടക്കുന്നത് ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതിന് തുല്യമാണ് (മത്താ–10ൽ 25). നമുക്ക് ചുറ്റുപാടും ജീവിക്കുന്നവരുടെ വേദനകളും, ദാരിദ്ര്യവും, കഷ്ടപ്പാടുകളും കണ്ടറിഞ്ഞ് തന്റെ സഹജീവികളെ സഹായിക്കുന്നവൻ തീർച്ചയായും സ്വർഗ്ഗരാജ്യത്തിനു ഉടമകളാകും. വിശപ്പുള്ളവരെ ഊട്ടുകയും, വിവസ്ത്രരെ ഉടുപ്പിക്കുകയും, തടവിലുള്ളവരെ ആശ്വസിപ്പിക്കുകയും, വിലാപ ഭവനങ്ങളിൽ സമാധാനം കൊടുക്കുകയും, സാധുജനങ്ങളെ സഹായിക്കുകയും, രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗ രാജ്യം നിശ്ചയമായും ലഭിക്കുമെന്ന് മത്തായി – 25ൽ 35, 36 പറയുന്നു. സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകാൻ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കാൻ യേശു തമ്പുരാൻ നമ്മോട് വചനത്തിലൂടെ ആഹ്വാനം ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തെ ഭൂമിയിൽ വരുത്താൻ സ്വന്ത സഹോദരങ്ങളോട് നിരപ്പാകുകയും, അയൽക്കാരനെ സ്നേഹിക്കുകയും ചെയ്യണമെന്ന് കർത്താവ് പറയുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുകയും ചെയ്യണം. സമ്പത്ത് കൂട്ടിവെച്ച് സമാധാനമില്ലാതെ ഉറങ്ങുന്നതിനേക്കാൾ ഇല്ലാത്തവർക്ക് അവ ദാനം ചെയ്യുന്നത് സ്വർഗ്ഗരാജ്യം കൈവരിക്കാൻ സാധ്യമാക്കുന്നു. ഈ ലോകത്തിൽ യേശു ചെയ്ത എല്ലാ സൽപ്രവൃത്തികളും, സഹനങ്ങളും നമ്മളും ചെയ്യുമ്പോൾ അത് സ്വർഗ്ഗരാജ്യത്തിലേക്കുള്ള യോഗ്യതകളുമാകും. ദൈവത്തോടുള്ള ബന്ധത്തിന്റെ ഘടകങ്ങളാണ് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ (1 കൊരി – 13:12). യേശുവിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വസ്ത്രം ധരിക്കുന്നവർ ക്രിസ്തുവിന്റെ വലതു ഭാഗത്തിരിക്കാൻ യോഗ്യത നേടുന്നവരാണെന്ന് വെളി–7:14 ൽ പറയുന്നു. നമ്മുടെ കടക്കാരോട് നമ്മൾ ക്ഷമിക്കുമ്പോൾ നമ്മുടെ കടങ്ങളും, പാപങ്ങളും ദൈവം നമ്മോടും ക്ഷമിക്കുമെന്ന് ഉറപ്പാണ്. ദൈവരാജ്യം കൈവരിക്കാനുള്ള പോംവഴികളിൽ ചിലതു മാത്രമാണിതെല്ലാം. ഇത് നമുക്ക് സാധ്യമായി തീരട്ടെ.

അജിത്ത് എം.വി

# കാഴ്ച: ദൈവബോധത്തിലേക്ക് നയിക്കേണ്ട ചാലകശക്തി

സ്വപ്നങ്ങളുടെ ഉദ്യാനപാലകൻ എന്ന് വിളിക്കപ്പെടുന്ന മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾകലാം ഇപ്രകാരം പറയുന്നു. "ലോകത്തിലെ ഏറ്റവും വലിയ ഓട്ടക്കാരൻ എന്റെ കണ്ണുകളാണ്. നയനങ്ങൾ സഞ്ചരിക്കുന്നതുപോലെ വേഗത്തിൽ സഞ്ചരിക്കുവാൻ എന്റെ കാലുകൾക്കുപോലും സാധ്യമല്ല."

കണ്ണുകൾക്ക് ബന്ധനമില്ല. കാഴ്ചകൾക്ക് അതിരുകളുമില്ല. കാഴ്ചകൾ എന്നത് പഴയതിന്റെ ചികഞ്ഞിടുക്കലല്ല. പുതുമയെ നിരന്തരം തിരയുന്ന നവ്യ അനുഭൂതിയാണ്. കാഴ്ച സമ്പൂർണ്ണതയേയും സത്യസന്ധതയേയും അടയാളപ്പെടുത്തുന്നു. മനുഷ്യന്റെ അതിർത്തി വരയ്ക്കാത്ത സ്വപ്നത്തിന്റെയും പ്രതീക്ഷകളുടേയും പ്രതിഫലനമാണ് കാഴ്ചയിൽ സംവേദനം ചെയ്യപ്പെടുന്നത്. സാഹിത്യ സദസ്സിലെ സൂര്യ തേജസ്സ് എന്നറിയപ്പെടുന്ന വില്ല്യം ഷേക്സ്പിയർ പറയുന്നു. " അദൃശ്യലോകമെന്ന സ്വപ്നത്തെ ദൃശ്യവത്കരിക്കുന്നതാണ് കാഴ്ച". കാഴ്ചയുടെ നിറവിനേയും വർണ്ണ മാറ്റൊലികളേയും അടയാളപ്പെടുത്തുന്നത് വെളിച്ചമാണ്. വെളിച്ചമില്ലാത്ത അവസ്ഥ അന്ധതയെ സൂചിപ്പിക്കുന്നു. ദീപങ്ങളുടെ ഉത്സവമായ ദീപാവലിയെ പറ്റി വ്യത്യസ്ഥങ്ങളായ ഐതിഹ്യങ്ങളും മിത്തുകളും ഇന്നും നിലനില്ക്കുന്നു. അതിൽ പ്രധാനപ്പെട്ട ഒരു ഐതിഹ്യമാണ് രാമയണത്തിൽ സൂര്യപുത്രനായ ശ്രീരാമന്റെ പത്നി പാതിവൃത്ത്യത്തിന്റേയും നീതിയുടേയും ശാന്തിയുടേയും പ്രതീകമായ സീതയെ രാവണൻ അന്ധകാരത്തിലേക്ക് കൊണ്ടുപോയപ്പോൾ തന്റെ പ്രിയതമയെ വീണ്ടെടുക്കുവാൻ രാവണനെ നിഷ്ക്കരുണം വധിക്കുകയും രാമൻ സീതയെ കൂട്ടി അയോദ്ധ്യയിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന സമയം അവിടുത്തെ ജനങ്ങൾ ദീപങ്ങൾ കൈയ്യിൽ വഹിച്ച് അവരെ സ്വീകരിക്കുന്നു എന്നത് അന്ധകാര ശക്തികളെ തോൽപ്പിച്ച് സീതയെ വീണ്ടെടുത്ത് വിജയത്തിന്റെ പ്രതീകമായി ദീപാവലി ആഘോഷിക്കുന്നു. പ്രകാശ നാളങ്ങൾ തെളിയുന്നത് അധികവും സന്തോഷത്തിന്റെയും പ്രത്യാശയുടേയും ഓർമ്മപ്പെടുത്തലുകളായിട്ടാണ്. ഇത്തരത്തിലുള്ള ദീപങ്ങളുടെ ഉത്സവമാണ് യഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ. കായ്കനി പെരുന്നാൾ എന്നും വിളിക്കാറുണ്ട്. മരുഭൂമിയിൽ ഇസ്രായേലിനെ വഴി നയിച്ച അഗ്നി സ്തംഭത്തെ അനുസ്മരിച്ചു കൊണ്ട് ഇസ്രായേൽ ദേശം മുഴുവൻ ദീപാലങ്കാരത്താൽ മോടി പിടിപ്പിക്കുകയും രാത്രിയിൽ ആഘോഷപൂരിതമാക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു പശ്ചാതലത്തിലാണ് ജീവിതം മുഴുവൻ അന്ധകാരത്തിന്റെ അനുഭവത്തിലായി തീരുന്ന ഒരു മനുഷ്യനെ നാം കാണുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും. (യോഹ: 8:12). ഈ പ്രഖ്യാപനത്തെ അനാവരണം ചെയ്യപ്പെടുന്നതാണ് ഈ സംഭവം യേശു ലോകത്തിന്റെ ആത്യന്തിക വെളിച്ചമാണ്. യോഹന്നാന്റെ സുവിശേഷത്തിലെ ആറാമത്തെ അടയാളമാണ് ഇത്. യേശു ക്രിസ്തു ആരാണ് എന്ന ചർച്ചകൾ ഈ ഭാഗങ്ങളിൽ നടക്കുന്നു. യേശുവിന്റെ ആളത്വത്തിന് പ്രാധാന്യം നൽകുന്ന സുവിശേഷമാണ് ഇത്. അതിനാൽ തന്നെ കാഴ്ച നൽകുന്നതിലൂടെ പുതിയൊരു ദൈവ ബോധത്തിലേക്കാണ് നയിക്കപ്പെടുന്നത്. യേശു ആരാണ് എന്ന അവബോധം.

**1. പുന:സ്ഥാപിക്കപ്പെടേണ്ട ശിഷ്യത്വം-കാഴ്ചയുടെ അടയാളം**

കൂടാരപ്പെരുന്നാൾ ആഘോഷം ആരംഭിച്ചു നാലു ദിവസം കഴിഞ്ഞ് യേശു യെരുശലേമിലേക്ക് വന്നപ്പോൾ തിരക്കിട്ടു തന്നെ കാണുന്നതിനും പ്രസംഗം കേൾക്കുന്നതിനുമായി വന്നവരോട് പ്രസംഗിക്കുന്നു. അതിനുശേഷം ഒരു തെരുവിൽ കൂടി സഞ്ചരിക്കുമ്പോഴാണ് അന്ധനായ മനുഷ്യൻ ഭിക്ഷയാചിക്കുന്നത് കണ്ടത്. അന്ധത എന്നതിന് രണ്ടു വ്യാഖ്യാനങ്ങൾ നൽകാം. (1) റോമൻ സാമ്രാജ്യത്വത്തിന്റെ അടിമത്വ വ്യവസ്ഥതിയെ അന്ധത നിറഞ്ഞ അനുഭവം എന്ന് വിളിച്ചിരന്നു. (2) ദൈവത്തെ കുറിച്ചുള്ള അജ്ഞത അന്ധത എന്നും പറഞ്ഞിരുന്നു. എന്നാൽ ഈ മനുഷ്യന്റെ അന്ധതയ്ക്ക് കാരണവും വ്യാഖ്യാനവും അന്വേഷിക്കുന്ന ശിഷ്യസമൂഹത്തെ നാം ഇവിടെ കാണുന്നു. ഇവൻ അന്ധനായി ജനിച്ചതു ആരുടെ പാപം കാരണമാണ് ? (2-10 വാക്യം) പാപം രോഗത്തിന് കാരണമാകുന്നു എന്ന ചിന്ത അന്ന് നിലനിന്നിരുന്നു. കർമ്മ പാപം, ജന്മീകപാപം, എന്നീ രണ്ട് പാപാവസ്ഥകൾ. കർമ്മപാപം സ്വന്ത പ്രവൃത്തിയുടെ ഫലമാണ് ജന്മീകപാപം മാതാപിതാക്കൾ ചെയ്ത പ്രവൃത്തിയുടെ ഫലമാണ്. ഇതിൽ ഏതാണ്

ജൂബി ജിംസൻ

എന്ന് ശിഷ്യർ ചോദിക്കുമ്പോൾ കർത്താവ് പറയുന്നത് ദൈവത്തിന്റെ പ്രവൃത്തിയുടെ നിദർശനം ഇവനിൽ നിന്നുണ്ടാകാനാണ് എന്നതാണ്. ദൈവപ്രവൃത്തി എപ്പോഴും മനുഷ്യാനുഭവങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്.

കർത്താവ് മറുപടി പറയുന്നത് ശിഷ്യരോടുള്ള വിമർശനത്തിൽ നിന്നും അന്ത്യനാളുകളെ കുറിച്ച് ഓർമ്മപ്പെടുത്തി കൊണ്ടാണ് ന്യായവിധിയെക്കുറിച്ച് ഇവിടെ ഓർമ്മിപ്പിക്കുന്നത്. യേശുവിന്റെ അസാന്നിധ്യത്തെ കുറിക്കുന്നു. അന്ധന്റെ അരിഷ്ടത പാപത്തിന്റെ ശിക്ഷയാണെന്നും അതു ന്യായവിധിയാണെന്നും അതിനാൽ അവൻ അനുകമ്പ അർഹിക്കുന്നില്ല എന്ന് വിധിക്കാതെ അവനെ ഇപ്പോൾ ഉദ്ധരിക്കുന്നതിനുള്ള മാർഗ്ഗമാണ് അന്വേഷിക്കേണ്ടത് എന്നാണ് യേശുവിന്റെ വാദം. കുരുടനുണ്ടായ ശിക്ഷയ്ക്കുള്ള വഴിയെ അന്വേഷിക്കുന്നതിനെക്കാൾ അപ്പുറമായി അവന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം അന്വേഷിക്കുക എന്നതാണ് ശിഷ്യരിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വം. ഇതുവരെ എന്തായിരുന്നു എന്നതല്ല ഇനി എന്താകണം എന്നതാണ് അവർ ചിന്തിക്കേണ്ടത്. ഗുരുവിന്റെയും ശിഷ്യരുടേയും വീക്ഷണത്തിലുള്ള വ്യത്യാസത്തെക്കുറിച്ച് Dr. A.G. ഹോഗ്ഗ് പറയുന്നത് ഇപ്രകാരമാണ്. സ്വഭാവികമായി ശിഷ്യർ പിന്നോട്ടു നോക്കുമ്പോൾ ഗുരുവിന്റെ നോട്ടം മുൻമ്പോട്ടായിരിക്കും. കാരണം ശിഷ്യർ കാരണം തിരയുന്നു. എന്നാൽ ഗുരു അതിൽ ഒരു കാര്യസാധ്യമാണ് കാണുന്നത്. ശിഷ്യന്മാർ ദൈവത്തിന്റെ സർവ്വാതിപത്യത്തെ പാപത്തിന് ശിക്ഷാവിധി നടത്തുന്ന ഒരു യന്ത്രമായി ചിത്രീകരിക്കുമ്പോൾ യേശു അതിനെ രക്ഷിക്കാൻ വ്യാപരിക്കുന്ന ശക്തിയായി ചിന്തിക്കുന്നു. ക്രിസ്തീയ ശിഷ്യത്വം എന്നത് ക്രിസ്തുവിന്റെ ജീവിത ശൈലിയെ മാതൃകയാക്കുകയും നിലപാടുകളെ പിൻഗമിക്കുകയും ചെയ്യുന്നതാണ്. ചിലതിന്റെയൊക്കെയും പിൻമ്പിലുള്ള അന്വേഷിച്ച് വിധിക്കാതെ, സംശയാലുക്കളാകാതെ ഇനി മുൻമ്പിലേക്ക് എന്ത് എന്ന പുതുതാക്കപ്പെടുന്ന അനുഭത്തിലേക്ക് സഞ്ചരിക്കുവാൻ ശിഷ്യരാകുന്ന നമ്മുക്ക് സാധിക്കണം.

**2. സൗഖ്യത്തിനപ്പുറം സൗഖ്യദാതാവിനെ കണ്ടെത്തുന്ന കാഴ്ച്ച**

ആനുകാലിക പ്രസിദ്ധീകരണമായ എഴുത്തിന്റെ ഒരു ലക്കത്തിൽ വന്ന ചിന്താവിഷയത്തോട് അനുബന്ധിച്ച് വന്ന വാചകങ്ങൾ ഇങ്ങനെയാണ് "ചരിത്ര പുരുഷന്മാർ വർത്തമാനകാല യാഥാർത്ഥ്യങ്ങളിൽ അനാഥമാക്കപ്പെടുന്നു". മനുഷ്യന്റെ ഒരു വലിയ പ്രത്യേകതയാണ് പുതുമയെ കണ്ടെത്തുമ്പോൾ പഴമയെ പാടെ അവഗണിക്കും. ഇവിടെ കുരുടനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം കാഴ്ച പ്രാപിക്കുക എന്നത് അവന്റെ ആവശ്യം തന്നെയാണ്. അവന് സൗഖ്യം ലഭിച്ചപ്പോൾ അവൻ കാണുന്ന കാഴ്ച്ചകൾ എല്ലാം പുതുമയുള്ളതാണ്. എന്നാൽ അവൻ പുതിയ വർണ്ണക്കാഴ്ചകളിൽ അവൻ വീണു പോകുന്നില്ല. കാഴ്ചയെക്കാൾ അപ്പുറമായി കാഴ്ച നൽകിയവനെ അവൻ തിരിച്ചറിയുന്നു. കഴിഞ്ഞ ഡിസംബർ മാസം 3-ാം തിയ്യതി പത്രത്തിൽ വന്ന ഒരു വാർത്ത് ഇപ്രകാരമാണ്. നവീൻ പതിവു തെറ്റിച്ചില്ല നായ്ക്കളും എന്നുള്ളതാണ്. വർഷങ്ങളായി താൻ കാൽനടയായി ദീർഘദൂരം നടന്ന് ശബരിമല ദർശനത്തിനായി എത്തുന്ന നവീൻ ബേപ്പൂർ അരക്കിണർ സ്വദേശിയാണ് ഇദ്ദേഹം. ബേപ്പൂർ മുതൽ സന്നിധാനം വരെ അദ്ദേഹത്തോടൊപ്പം വരാൻ രണ്ട് നായ്ക്കളായിരുന്നു ഒപ്പമുണ്ടായിരുന്നത്. യാത്ര ചെയ്ത് വരാൻ ആധുനിക സംവിധാനങ്ങൾ ഉള്ളപ്പോൾ എന്തിനാണ് നടന്ന് വന്നത് എന്ന ചോദ്യം ഉയർന്നേക്കാം. ഞാൻ പറയും പുതുതാക്കപ്പെട്ട ചില കാഴ്ച്ചകളിൽ മയങ്ങുന്നതല്ല അവന്റെ അനുഭവങ്ങളിൽ നിന്നും തിരിച്ചറിഞ്ഞ ദൈവബോധ്യം ഇങ്ങനെയായിരുന്നു. യാതനകൾ സഹിച്ച് മാത്രമേ ദൈവസന്നിധിയിൽ എത്താവൂ എന്ന ചിന്ത അവനെ ഭരിച്ചിരുന്നു. അവൻ തിരിച്ചറിഞ്ഞ ദൈവബോധ്യം അതായിരുന്നു. അത് അവനെ നയിച്ചു. ഇവിടെ അന്ധനായ മനുഷ്യന് കാഴ്ച്ച ലഭിക്കുമ്പോൾ അല്ലെങ്കിൽ സുഖം ലഭിക്കുമ്പോൾ അവന്റെ ദൈവബോധ്യം കുറയുകയല്ല വർദ്ധിക്കുകയാണ്. അവന്റെ വ്യക്തിത്വവും പുന:സ്ഥാപിക്കപ്പെടുകയാണ്. അവനോട് ചോദിച്ചവരോട് അവൻ പറയുന്നു ഇത് ഞാൻ തന്നെയാണ്. സൗഖ്യം നൽകിയതാരാണ് എന്ന് ചോദിക്കുമ്പോൾ അവൻ യാതൊരു സങ്കോചവും കൂടാതെ പറയുന്നു യേശു എന്ന മനുഷ്യനാണ് എന്ന്. തിരസ്ക്കരണങ്ങളുടേയും പ്രതികൂലതയുടെയും മദ്ധ്യത്തിൽ യേശു ആരാണ് എന്ന് അനുഭവങ്ങളിൽ നിന്നുള്ള സാക്ഷ്യം ഉടലെടുക്കണം. സൗഖ്യം എന്നത് യേശു ആരാണ് എന്ന് തനിക്ക് വെളിപ്പാടുള്ള ഉപാധി മാത്രമാണ്. ഉപാധികളെ തിരയുകയല്ല, യഥാസ്ഥിതികതയെ അന്വേഷിക്കുന്നതാണ്. യേശുവിന്റെ ശുശ്രൂഷയുടെ ഒരു പ്രത്യേകതയാണ് അവൻ കാര്യകാരണം നോക്കിയുള്ള പരിഗണനയല്ല പാരമ്പര്യത്തിനോ സംസ്കാരങ്ങൾക്കോ അതീതനാണ്. അവന്റെ ഇപ്പോഴത്തെ ആവശ്യം കാഴ്ച്ചയാണ്. Hcp Steriotyped Approach അല്ല. ഇതിലൂടെ ക്രിസ്തു ആരാണെന്ന് ബലപ്പെടുത്തുക

എന്നതായിരുന്നു അവന്റെ ഉത്തരവാദിത്വം. അത് അവൻ കൃത്യമായി നിർവ്വഹിക്കുന്നു. തുടർന്നുള്ള ചോദ്യങ്ങളിൽ അവന്റെ അറിവ് വർദ്ധിക്കുന്നു. പരീശരുടെയും മതനേതൃത്വങ്ങളുമായുള്ള ഒരു നീണ്ട സംവാദത്തിൽ ഏർപ്പെടുന്നു. വിചാരണ നേരിട്ട അന്ധനായവന്റെ ദൈവബോധ്യം വീണ്ടും ആഴപ്പെടുന്നു. ആദ്യം യേശു എന്ന മനുഷ്യൻ എന്നു പറയുന്നു. പിന്നെ പറഞ്ഞു അവൻ ദൈവത്തിൽ നിന്നും വന്നവനാണ് എന്ന്. ദൈവബോധ്യം എന്നത് തുടർപ്രക്രിയയാണ്. വിവിധ ഘട്ടങ്ങളിൽ അനുഭവങ്ങളിൽ അത് തിരിച്ചറിയപ്പെടുന്നു. മോശൈക ധർമ്മശാസ്ത്രം പഠിച്ച് അതിൽ നിന്നും വ്യാഖ്യാനിക്കുന്ന പരീശർ ജ്ഞാനം കൊണ്ടു മാത്രം നിലനിൽക്കുന്നു. എന്നാൽ യഥാർത്ഥ വെളിച്ചമായ ക്രിസ്തുവിനെ കണ്ടെത്തുന്നതിൽ അവർ പരാചിതരായി. നമ്മുടെ ഓരോ അനുഭവങ്ങളിലും ദൈവത്തെ കണ്ടെത്തുവാനായും; സൗഖ്യം പറയുവാനായും സാധിക്കണം.

**ഉപസംഹാരം:**

അന്ധത എന്നത് കാഴ്ച്ചയില്ലാത്തതല്ല. ഈ കാലഘട്ടത്തിൽ കാഴ്ച്ചയുടെ പൊരുൾ തിരയാത്തതാണ്. മനുഷ്യവീക്ഷണമല്ല മതവീക്ഷണം, വികലമാകപ്പെടുന്ന കാഴ്ച്ചകൾക്ക് ഇന്ന് മത സാമൂഹിക അന്തരീയങ്ങൾ സാക്ഷ്യം വഹിക്കേണ്ടതായി വരുന്നു. വ്യത്യസ്തമായ കാഴ്ചകൾ നല്ലതാണ്. എന്നാൽ അതിൽ മൂല്യമുള്ളതായി കാണേണ്ടത് ഏതാണ് എന്ന് തിരിച്ചറിവുണ്ടാകണം. അറിവ് നമ്മെ കാഴ്ച്ചയുള്ളവരാക്കുന്നു. എന്നാൽ ദൈവീകമായി നാം അകന്നാകുന്നുവെങ്കിൽ അതിൽ ഫലമില്ല. കാഴ്ച്ച ഇല്ലാത്ത അനുഭവം ഒരു വ്യക്തിയെ അപൂർണ്ണമാക്കുന്നു. മനുഷ്യാന്തസ്സിനെ തന്നെ ഹനിക്കപ്പെടുന്ന അനുഭവമായി മാറുന്നു സിനിമാ നാടക വേദികളിൽ അരങ്ങു തകർത്തുവാണ സജിത മഠത്തിൽ എന്ന അഭനേത്രിയുടെ അനുഭവക്കുറിപ്പ് ഈ നാളുകളിൽ സണ്ടേ സപ്ലിമെന്റിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുന്നു. അതിൽ 13-ാം തിയ്യതി ഞായറാഴ്ച വന്ന അനുഭവം ചാരം പൂശിയ വഴികൾ എന്നായിരുന്നു അതിന്റെ തലക്കെട്ട്. ബ്രെയിൻ ട്യൂമർ വന്ന് തന്റെ കണ്ണിലെ കാഴ്ച പതിയെ നഷ്ടമാകുന്നതിനെക്കുറിച്ച് പറയുന്നു. ആൾതിരക്കിലൂടെ നടക്കുമ്പോൾ പടികളിറങ്ങുമ്പോൾ ഒരു കുഞ്ഞിനെപ്പോലെയായി പടികൾ ഓടിക്കളിക്കുകയാണ്. നയനങ്ങൾ അന്ധമാക്കപ്പെടുന്ന അനുഭവം വളരെ വേദനാജനകമാണ്. കണ്ട കാഴ്ചകൾ എല്ലാം മനോഹാരിതം, കാണാത്ത കാഴ്ചകൾ എത്രയോ മനോഹാരമായിരിക്കും എന്ന കുറ്റബോധം നാം കാണുന്ന കാഴ്ചകൾ എല്ലാം നമ്മെ ദൈവ ബോധത്തിലേക്ക് വഴി നയിക്കണം. കണ്ണുണ്ടായിട്ടും ദിശാബോധം തെറ്റിയ ഒരു ലോകത്ത് കാഴ്ച്ചയുടെ അർത്ഥം നിർവ്വഹിക്കുവാൻ സാധിക്കണം. ദൈവീക ദർശനത്തിന്റെ വാഹകരാകുവാൻ, അത് സാധിക്കുന്നവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**യേശു സമാധാന ദായകൻ ലൂക്കോസ് 2-29. യേശുവിനെ സ്വീകരിച്ചതോടെ ശീമോന് സമാധാനം ലഭിച്ചു.**

സമാധാനത്തോടെ ലോകത്തോട് യാത്ര പറയുവാൻ അവനിടയായി. ശീമോൻ മറിയയെ അനുഗ്രഹിച്ചു. ശീമോൻ യേശുവിന്റെ വളർത്തച്ഛനേയും അമ്മയേയും അനുഗ്രഹിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. 1 തിമത്ഥിയോസ് 2 ന്റെ 8. ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്ദത്ത വിദ്വേഷവും വിട്ട് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു. അവ്വണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ കർത്താവിന് അലങ്കരിക്കേണം. നീട്ടിയ മുടി, പൊന്ന്, മോതിരം ഇവയെ കൊണ്ടല്ല കർത്താവിനെ പ്രീതിപ്പെടുത്തേണ്ടത്, സൽപ്രവർത്തികൊണ്ട് കർത്താവിനെ അലങ്കരിക്കേണം.

കുന്നംകുളം: MISC വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ
സഭയിലെ എല്ലാ വനിതാസമാജ അംഗങ്ങളേയും
ഉൾപ്പെടുത്തി കൊണ്ട് 2019 മാർച്ച് 31 ഞായറാഴ്ച
കുന്നംകുളം സെന്റ് തോമസ് (കുന്നത്തെ) പള്ളിയിൽ വെച്ച്
രാവിലെ10.30 മുതൽ 3.30 വരെ ഏകദിന ക്യാമ്പ് നടത്തപ്പെടുന്നു.
സഭയിലെ എല്ലാ വനിതാസമാജ അംഗങ്ങളേയും
ഈ പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നു

# ക്രിസ്തുവിൽ ഒരു പുതുസൃഷ്ടി

## 2 കൊരി. 5:11–19

"പ്രത്യാശ വെറുതെ കാണുന്ന ഒരു കിനാവല്ല. ആഗ്രഹം ചിന്തകളുടെ ഭാരം കുറഞ്ഞ ലളിത വിശുദ്ധിയല്ല. മറ്റൊരു ലോകം സാധ്യമാക്കുവാനുള്ള പ്രയാണത്തിന്റെ വാതായനം ആണ്".

ഈ വാതായനം നഷ്ടപ്പെട്ട ഒരു സഭയായിരുന്നു കൊരിന്ത് സഭ. ഇവിടെ നുഴഞ്ഞു കയറിയ പ്രശ്നങ്ങൾക്ക് എതിരെയുള്ള ഒരു പ്രതിരോധമായിരുന്നു ഈ ലേഖനം. ക്രൈസ്തവ വിശ്വാസത്തോട് വിരോധവും എതിർപ്പും ഉള്ള ആളായിരുന്നു ശൗൽ. എന്നാൽ ദമസ്കോസിന്റെ പടിവാതിൽക്കൽ വച്ച് യേശുവിനെ കണ്ടുമുട്ടിയപ്പോൾ അവനിൽ വലിയ രൂപാന്തരം ഉണ്ടായി. അതിന്റെ ഫലമായി തന്റെ പഴയ ജീവിതരീതി ഉപേക്ഷിച്ചു കർത്താവിന്റെ ഒരു സാക്ഷിയായി ജീവിക്കുവാൻ തീരുമാനിച്ചു. അതിന്റെ ഫലമായി ലോകം കണ്ടതിലും വച്ച് ഏറ്റവും വലിയ മിഷനറിയും സഭാ ശില്പിയും ആയി പൗലോസ് തീർന്നു.

പൗലോസ് കൊരിന്ത്യ സഭയ്ക്ക് എഴുതിയ ലേഖനം മൂലം പുതിയ ഒരു സഭ രൂപപ്പെടും എന്ന പ്രത്യാശ ഉടലെടുക്കുവാൻ കാരണമായി. സഭാ ശില്പി എന്ന നിലയിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ച ഒരിടം കൊരിന്ത് സഭയായിരുന്നു. വളരെ പ്രശ്നസങ്കീർണ്ണമായ സഭയായിരുന്നു കൊരിന്ത്. ഒരു കത്ത് എന്നതിലുപരി പല കത്തുകളുടെ സമാഹാരം ആണ് ഈ ലേഖനം പൗലോസിന്റെ വ്യക്തിപരമായ അനുഭവം, ക്രിസ്തീയ ജീവിതത്തിൽ ഔദാര്യത്തിനും ദാനധർമ്മങ്ങൾക്കും ഉള്ള വലിയ സ്ഥാനം, ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനം, അപ്പസ്തോല ദൗത്യം, ക്രിസ്തീയ ധാർമ്മികത ഇവയെല്ലാം കുറിച്ച് ഉൾക്കാഴ്ച നൽകുന്നതാണ് ഈ ലേഖനം.

2 കൊരി. 5:1–10 വരെയുള്ള വാക്യങ്ങൾ നിത്യതയ്ക്ക് വേണ്ടിയുള്ള ഒരു കാത്തിരിപ്പിനെ കുറിച്ച് പറഞ്ഞിരിക്കുന്നു. ചിന്തയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന 11–19 വരെയുള്ള വാക്യങ്ങൾ അപ്പസ്തോലത്വത്തിന്റെ അടിസ്ഥാനങ്ങളെക്കുറിച്ചും ഈ അടിസ്ഥാനം എപ്രകാരം പുതുസൃഷ്ടിയാക്കി മാറ്റുന്നു എന്നും പറഞ്ഞിരിക്കുന്നു. അന്ന് ഉണ്ടായിരുന്ന പ്രയാസങ്ങളുടെ മധ്യത്തിലും പൗലോസ് ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടു പുതു സൃഷ്ടിയായി നിലനിന്നു. വി. പൗലോസ് എന്താണ് പുതുസൃഷ്ടി എന്ന് 17–ാമത്തെ വാക്യത്തിലൂടെ വളരെ വ്യക്തമാക്കുന്നു. "ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതുസൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി ഇതാ അത് പുതുതായി തീർന്നിരിക്കുന്നു". പുതുസൃഷ്ടി എന്നത് രൂപാന്തരം ആണ് ക്രിസ്തുവിൽ ആയിതീരുന്ന രൂപാന്തരം ക്രിസ്തുമൂലം ദൈവത്തോടും സർവ്വസൃഷ്ടിയോടും നിരപ്പ് പ്രാപിക്കുന്ന രൂപാന്തരം. ഈ രാപന്തരം ഒരു പുതുയുഗാരംഭം ആണ്. ഇത് സാധ്യമാകണം എങ്കിൽ ക്രിസ്തു ഒരുവനിൽ ജനിക്കുന്ന അനുഭവം ഉണ്ടാകണം. "സ്വാർത്ഥത നിറഞ്ഞിരിക്കുന്ന മനസ്സിൽ, അഹങ്കാരം പെരുമ്പറ മുഴക്കുന്ന ഹൃദയങ്ങളിൽ ക്രിസ്തുവിന് ജനിക്കുവാൻ കഴിയില്ല".

പണ്ട് ഒരു ഗുരുവിന്റെ അടുക്കൽ പഠിക്കുവാനായി ചെന്ന ഒരു പുതിയ ശിഷ്യൻ ഗുരുവിന്റെ ഒരു പ്രവർത്തി കണ്ട് അത്ഭുതപ്പെട്ട് നിന്നുപോയി. ഒരു ചായ നിറച്ച കപ്പിലേക്ക് ഗുരു വീണ്ടും വീണ്ടും ചായ ഒഴിച്ചു കൊണ്ടിരിക്കുന്നതും ആ ഒഴിക്കുന്ന ചായ നിറഞ്ഞ് തുളുമ്പി പോകുന്നതുമായ കാഴ്ചയാണ് ആ ശിഷ്യൻ കണ്ടത്. ചിന്താകുലനായ ശിഷ്യനോട് ഗുരുപറഞ്ഞു നി ഇപ്പോൾ ചായ നിറച്ച കപ്പുപോലെ നിന്റെ സ്വാർത്ഥതയും അഹങ്കാരവും നിറച്ചുവച്ച മനസ്സുമായി എന്റെ അടുക്കൽ വന്നിരിക്കുകയാണ്. നിന്റെ മനസ്സിലേക്ക് ഞാൻ എത്ര അറിവ് പകർന്നാലും അതെല്ലാം തുളുമ്പി പോകുകമാത്രമേ ചെയ്യുകയുള്ളു. നിന്റെ മനസ്സിലെ സ്വാർത്ഥതയും അഹങ്കാരവും പുറത്ത് കളഞ്ഞ് എന്റെ അടുക്കൽ വന്നെങ്കിൽ മാത്രമേ എനിക്ക് അതിൽ അറിവ് പകരുവാൻ കഴിയുകയുള്ളു.

വലിയ ഒരു പാഠമാണ് ഗുരു തന്റെ പ്രവർത്തിയിലൂടെയും വാക്കിലൂടെയും ശിഷ്യനെ പഠിപ്പിച്ചത്. ഇതുപോലെ നമ്മുടെ മനസ്സും പലപ്പോഴും നമ്മുടെ സ്വന്തം താല്പര്യങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഇവയെ

ബഹിഷ്കരിച്ച് അവിടെ ദൈവസ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഭാവമായ ക്രിസ്തുവിനെ ഉൾക്കൊള്ളുവാൻ സാധിക്കണം. ക്രിസ്തുവിൽ നാം ആയാൽ പുതുസൃഷ്ടിയായി മാറുന്നു.

**1. ദൈവസ്നേഹം പുതുസൃഷ്ടിയുടെ അടിസ്ഥാനം**

ദൈവസ്നേഹം പുതുസൃഷ്ടിയുടെ അടിസ്ഥാനം എന്ന് പറയുമ്പോൾ സ്വാഭാവികമായി എന്താണ് പുതുസൃഷ്ടി എന്നും പഴയസൃഷ്ടി എന്നും സംശയം ഉണ്ടാകം. ക്രിസ്തുവിൽ ആരെങ്കിലും പുതുസൃഷ്ടിയായാൽ അവന് പഴയയുഗം മാറി പുതിയത് ആവിർഭവിച്ചിരിക്കുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ ക്രിസ്തുവിൽ വിശ്വസിച്ച്, മാമ്മോദീസ ഏൽക്കുന്നതോടുകൂടി പഴയ അനുഭവം വിട്ട് പുതിയ അനുഭവത്തിലേക്ക് പ്രവേശിക്കുന്നു. പഴയതും പുതിയതും എന്നുള്ള താരതമ്യം പൗലോസ് പലപ്പോഴും നടത്തിയിട്ടുണ്ട്. പഴയ മനുഷ്യൻ പഴയ ഉടമ്പടി, പുളിച്ചമാവ്, എന്നൊക്കെ പറയുമ്പോൾ മറുവശത്ത് പുതിയ ഉടമ്പടി, പുതിയ കല്പന, പുതിയ മനുഷ്യൻ, പുതുജീവൻ, പുതിയ സൃഷ്ടി എന്നീ പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നത് മനസ്സിലാക്കാം. ക്രിസ്തുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും ആണ് പുതുസൃഷ്ടി സംജാതമായത്. ഇതിൽ ക്രിസ്തുവിലൂടെ ദൈവത്തിന്റെ സ്നേഹത്തെ വെളിപ്പെടുത്തുകയാണ്. "അവിടുന്ന് എല്ലാവർക്കും വേണ്ടി മരിച്ചു". നമ്മളെല്ലാവരുടെയും പ്രതിനിധിയായി ക്രിസ്തു മരിച്ചതിനാൽ പാപത്തോടും സ്വാർത്ഥപരമായ എല്ലാഭാവത്തോടും നാം മരിച്ചിരിക്കുകയാണ്. ഇപ്പോൾ നാം ജീവിക്കുന്നത് ക്രിസ്തുവിനോടുള്ള ഐക്യത്തിലാണ്. പൗലോസിന്റെ ഈ പഠിപ്പിക്കൽ പുതിയ നിമയ രക്ഷാ സിദ്ധാന്തത്തിന്റെ പ്രധാന ആശയമാണ്. പുതിയ നിയമത്തിൽ സ്നേഹത്തിന് "അഗാപ്പേ" എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ചതിൽ ഏറ്റവും വലിയ കല്പനയാണ് ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുക എന്നത്. ഇത് ലോകത്തിന് നൽകിയ മഹത്തായ മൗലിക സംഭാവനയാണ്. അതുകൊണ്ടാണ് യോഹന്നാൻ 3:16-ൽ പറയുന്നത് "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു". ഈ വാക്യത്തിലൂടെ സ്നേഹത്തിന്റെ ഒരു സാങ്കൽപ്പിക തലത്തെ തന്നെ വളരെ ആഴമുള്ളതാക്കി തീർക്കുന്നു. നാം പാപിയായി ഇരിക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി മരിക്കയാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നു. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപെടുത്തുവാൻ യാതൊന്നിനും സാധിക്കയില്ല എന്ന് റോമ. 8: 31-39 വരെയുള്ള ഭാഗത്ത് പറയുമ്പോൾ ഇവിടെ പൗലോസ് ഊന്നിപ്പറയുന്നത് നമ്മുടെ വിശ്വാസമല്ല ദൈവത്തിന്റെ സ്നേഹമാണ് വലുത്. ദൈവസ്നേഹം വീണ്ടെടുപ്പിന്റെ അടിസ്ഥാനം കൂടിയാണ്.

തുർക്കി, അർമ്മീനിയ യുദ്ധം നടക്കുന്ന കാലം തുർക്കി പട്ടാളക്കാർ അർമ്മീനിയായിലെ ധാരാളം ആളുകളെ കൊന്നു. ചിലരെ അടിമകളാക്കി പിടിച്ചുകൊണ്ടുപോയി. ആ കൂട്ടത്തിൽ ഒരു ചെറുപ്പക്കാരിയെ അവരുടെ സൈന്യത്തലവന്റെ വീട്ടിലും അടിമയാക്കികൊണ്ടുവന്നു. അവൾക്ക് അവിടെ പലതരത്തിലുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. അവൾ സൗകര്യം കിട്ടിയപ്പോൾ ഒളിച്ചോടി ബ്രിട്ടീഷ് സൈനിക സങ്കേതത്തിലെത്തി. അവർ അവളെ നഴ്സിംഗ് പഠിപ്പിച്ചു. അവൾ മിലിട്ടറി നഴ്സ് ആയി. ആശുപത്രിയിൽ ധാരാളം പടയാളികളെയും ഓഫീസർമാരെയും കൊണ്ടുവന്നു. അവർ തുർക്കികൾ ആയിരുന്നു. മാരകമായ മുറിവേറ്റ ഒരു പട്ടാള ഓഫീസറെ ശുശ്രൂഷിക്കുവാൻ അവൾ പ്രത്യേകം താൽപര്യപ്പെട്ടു. അയാൾ സൗഖ്യം പ്രാപിച്ചു. അത് മുൻ പറഞ്ഞ പട്ടാള ഓഫീസറായിരുന്നു. അയാൾക്ക് തന്നെ പരിചരിച്ച നഴ്സിനെ മനസ്സിലായി. അയാൾ ചോദിച്ചു നീ എന്തുകൊണ്ട് എന്നെ കൊന്നുകളഞ്ഞില്ല? അവൾ പറഞ്ഞു തന്നെ ക്രൂശിൽ തറച്ചവർക്കു വേണ്ടി പ്രാർത്ഥിച്ച യേശു കർത്താവിന്റെ അടിമയായി പോയതുകൊണ്ട് മാത്രം. ശത്രുക്കളെ സ്നേഹിക്കുവാനാണ് യേശു എന്നെ പഠിപ്പിച്ചത്. ആ തുർക്കി പട്ടാള ഉദ്യോഗസ്ഥൻ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. ദൈവസ്നേഹത്തിൽ അടിയുറച്ച പെൺകുട്ടിക്ക് മറ്റുള്ളവരെ കരുതുവാനും പ്രയാസത്തിൽ ഇരുന്ന ആളിനെ ശുശ്രൂഷിക്കുവാനും അദ്ദേഹത്തെ ക്രിസ്തുവിലേക്ക് നേടുവാനും സാധിച്ചു.

സ്വയം വെറുമയാക്കിയുള്ള സ്നേഹമാണ് ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും വലിയ പ്രേരകശക്തി. ഈ സ്നേഹം നമുക്കും ഉൾക്കൊള്ളുവാൻ സാധിക്കുന്നെങ്കിൽ മാത്രമേ പുതുസൃഷ്ടിയുടെ അനുഭവക്കാനാകുവാൻ സാധിക്കുകയുള്ളു.

**2 നിരപ്പിന്റെ ശുശ്രൂഷ പുതുസൃഷ്ടിയുടെ അടിസ്ഥാനം**

ക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനത്തെ അനുരഞ്ജനം അല്ലെങ്കിൽ നിരപ്പ് എന്ന ആശയത്തോടുകൂടിയാണ് വ്യക്തമാക്കുന്നത്. സംഘർഷങ്ങളും സംഘട

ങ്ങളും നിലനിന്ന കൊരിന്തിൽ മാത്രമല്ല ഇന്നത്തെ സമൂഹത്തിലും അനുരഞ്ജനത്തിന്റെ സന്ദേശത്തിനു വലിയ പ്രസക്തി ഉണ്ട്. അനുരഞ്ജനത്തിന്റെ പുതുയുഗം, പുതുസൃഷ്ടിയെപ്പറ്റി പ്രതിപാദിക്കുകയാണ്. ക്രിസ്തുവിൽ കൂടി ദൈവം ലോകത്തെ തന്നോട് അനുരഞ്ജനപ്പെടുത്തി. ഇവിടെ അനുരഞ്ജനത്തിന് മുൻകൈ എടുക്കുന്നത് ദൈവമാണ്. പാപത്തിലൂടെ നാം ദൈവത്തിൽ നിന്ന് അകന്നു. മാത്രമല്ല, ദൈവത്തോട് ശത്രുതയിലുമായി. ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന പാപം ക്രിസ്തുവിന്റെ മരണത്താൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. അതിൻഫലമായി നാം ദൈവത്തോട് അനുരഞ്ജനപ്പെടുവാൻ സാധ്യമായി. ഈ സന്ദേശമാണ് അപ്പസ്തോലന്മാർ വഹിക്കുന്നത്. അത് ലോകം ഒക്കെയും അറിയിക്കുവാൻ കടപ്പെട്ടവരാണ്. ഈ ദൗത്യം എല്ലാവരിലേക്കും പകരപ്പെട്ടിരിക്കുന്നു. അതിനാൽ നാം എല്ലാവരും ഈ സന്ദേശവാഹകരാണ്. ക്രിസ്തു നമുക്ക് വേണ്ടി നമ്മുടെ പാപങ്ങളെ ഏറ്റുവാങ്ങുമ്പോൾ ദൈവവും നമ്മെയും തമ്മിൽ നിരപ്പിക്കുന്നു. ഈ നിരപ്പിലൂടെ പാപം എന്ത് എന്നും പാപത്തിന്റെ ഭവിഷത്ത് എത്ര ക്രൂരമെന്നും വെളിവാക്കുന്നു.

ഇപ്രകാരം പുതുസൃഷ്ടി ആയിരിക്കുന്ന നാം ഓരോരുത്തരും അനുരഞ്ജനത്തിനായി നിലകൊള്ളുവാൻ വിളിക്കപ്പെട്ടവരാണ്. ഇന്ന് അന്താരാഷ്ട്ര സമൂഹത്തിലും ദേശരാഷ്ട്രങ്ങളിലും ചെറുസമൂഹങ്ങളിലുമെല്ലാം അധികാരത്തിന്റെയും സമ്പത്തിന്റെയും ജാതിയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും വർഗ്ഗ-വർണ്ണ-ഭാഷ വൈവിധ്യങ്ങളുടെയും എല്ലാം വേർപാടുകൾ സൃഷ്ടിച്ചിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഈ സാമൂഹിക യാഥാർത്ഥ്യത്തിന് നേരെ കണ്ണടച്ചിട്ട് കാര്യമില്ല. ഈ വേർപാടുകൾക്കപ്പുറം സർവ്വ പ്രപഞ്ചത്തിന്റെയും ഉടയവൻ ദൈവം ആണെന്നും എല്ലാവരും അനുരഞ്ജനത്തിന്റെ അനുഭവക്കാരാണെന്ന ബോധവും നമ്മെ ഭരിക്കുകയും അതിന് അനുസൃതമായി പ്രവർത്തിപ്പാനും നമുക്ക് സാധിക്കണം.

വിശുദ്ധ അഗസ്റ്റിൻ ചെറുപ്പകാലത്ത് മോശമായ ജീവിതം നയിച്ചിരുന്നു. തന്റെ മാനസാന്തരത്തിനു ശേഷം ഒരു ദിവസം പഴയ തെരുവിലൂടെ പഴയ കൂട്ടുകാരനെ കണ്ട് ഓടുവാൻ തുടങ്ങി. ഒരാൾ വിളിച്ചു ചോദിച്ചു. അഗസ്റ്റിനെ എന്തുകൊണ്ടാണ് ഓടുന്നത്? ഇതു ഞങ്ങളല്ലേ അപ്പോൾ പഴയ അഗസ്റ്റിൻ അല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഒരുവൻ ക്രിസ്തുവിൽ ആയിതീരുമ്പോൾ അയാൾ സ്വയം അലിഞ്ഞ് ഇല്ലാതെ ആയിതീരും ദൈവസ്നേഹത്തിൽ ആകുന്ന ഏതൊരു വ്യക്തിയും മറ്റുള്ളവർക്കായി സ്വയം ശൂന്യമാക്കും. അപ്രകാരം മറ്റുള്ളവർക്ക് ഗുണപരമായി തീരുവാൻ നമുക്ക് സാധിക്കുന്നുണ്ടോ?

## ബൈബിൾ ക്വിസ്

1. രഹബിനെ തകർത്തത് എന്തുകൊണ്ട്?
2. മുത്തുമകളുടെ വിലയേക്കാൾ കവിഞ്ഞതെന്ത്?
3. ഇയ്യോബ് തന്റെ ദീർഘായുസ്സിനെ ഉപമിച്ച പക്ഷിയുടെ പേര്?
4. കുറുക്കൻമാർക്ക് സഹോദരൻ?
5. വഴിയിൽ അസ്ഥിരനാകുന്നതാര്?
6. മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എന്തിനാൽ?
7. സമാധാനത്തിന്റെ ഫലം
8. ദൈവത്തിന്റെ ശത്രു ആരാണ്?
9. ഭാഗ്യവാൻമാർ എന്ന് പുകഴ്ത്തപ്പെടുന്നവർ?
10. ദൈവത്തിന്റെ സ്നേഹിതൻ?

**ഈ ലക്കം ചോദ്യങ്ങളുടെ വേദഭാഗം ഇയ്യോബ് 26 മുതൽ 30, യാക്കോബ്**

ജസ്റ്റിൻ ദാസ്

# ശിഷ്യത്വത്തിന്റെ വില

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവാർത്ത എന്ന ആമുഖത്തോടെയാണ് മർക്കൊസിന്റെ സുവിശേഷം ആരംഭിക്കുന്നത്. അതിനാൽ യേശുവിന്റെ ജനനത്തെപ്പറ്റിയോ വംശാവലിയുടെ പ്രാധാന്യത്തെപ്പറ്റിയോ ഒന്നും തന്നെ സുവിശേഷത്തിൽ പറയുന്നില്ല. അതിലുപരി യേശുവിന്റെ അധികാരത്തോട് കൂടിയ പ്രവർത്തനങ്ങളെപ്പറ്റിയാണ് വിവരിക്കുന്നത്. വി.മർക്കൊസ് 10:35-45 വരെയുള്ള വേദഭാഗത്ത് യഥാർത്ഥമായ ശിഷ്യത്വത്തിന്റെ വിലയെക്കുറിച്ച് നമുക്ക് വ്യക്തമാക്കി തരുന്നു. സെബെദിയുടെ മക്കളായിരുന്നു യാക്കോബും, യോഹന്നാനും. അവർ യേശുക്രിസ്തുവിന്റെ അടുക്കൽ വന്നിട്ട് യേശുവിനോട് തങ്ങൾ യാചിപ്പാൻ പോകുന്നത് തങ്ങൾക്ക് ചെയ്തു തരണമെന്ന് ചോദിക്കുന്നു. അപ്പോൾ യേശു മറുപടിയായി നിങ്ങൾക്ക് ഞാൻ എന്ത് ചെയ്തു തരുവാൻ ആഗ്രഹിക്കുന്നു എന്ന് അവരോട് ചോദിച്ചു. അവർ അവനോട് ദൈവമഹത്വത്തിൽ ഒരുത്തൻ ഇടത്തും ഒരുത്തൻ വലത്തും ഇരിപ്പാനുള്ള വരം നൽകണം എന്ന് പറഞ്ഞു. അതിന് യേശു ഉത്തരം പറഞ്ഞത് നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും നിങ്ങൾക്ക് കഴിയുമൊ എന്ന് അവരോട് ചോദിച്ചു. അപ്പോൾ അവർ മറുപടിയായ് അതിനു ഞങ്ങൾക്ക് കഴിയും. എന്നാൽ തന്റെ വലത്തും ഇടത്തും ഇരിക്കാൻ വരം നൽകുന്നതോ തന്റേതല്ല. അത് ആർക്ക് ഒരുക്കിയിരിക്കുന്നുവോ, അവർക്ക് കിട്ടും എന്നു പറഞ്ഞു. ഈ കാര്യം ബാക്കിയുള്ള ശിഷ്യന്മാർ കേട്ടിട്ട് യാക്കോബിനോടും യോഹന്നാനോടും അവർ നീരസപ്പെട്ടു തുടങ്ങി. അത് കഴിഞ്ഞ് ശിഷ്യൻമാരെയെല്ലാം യേശു അടുക്കൽ വിളിച്ചിട്ട് ശിഷ്യത്വത്തെ കുറിച്ച് പറയുന്നത് അത് ഇപ്രകാരമാണ് നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവർ എല്ലാം ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് തന്റെ ജീവനെ മറുവിലയായ് കൊടുപ്പാനും അത്രെ വന്നത് (വാ:43,44,45) ഒരു ശിഷ്യൻ അധികാരത്തോട് കൂടി ഈ ലോകത്തിൽ ശുശ്രൂഷ മറ്റുള്ളവരെകൊണ്ട് ചെയ്യിപ്പാനല്ല സ്വയം മറ്റുള്ളവരെ ശുശ്രൂഷിക്കുകയും മറ്റുള്ളവർക്ക് ജീവനെ മറുവിലയായ് കൊടുക്കുകയും വേണം. മറ്റുള്ളവർക്ക് വേണ്ടി ശുശ്രൂഷ ചെയ്യുമ്പോഴാണ് ക്രിസ്തുവിന്റെ ശിഷ്യർ എന്നു വിളിക്കപ്പെടുന്നത്. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ ജീവിതത്തിൽ ഉൾച്ചേർന്നിരിക്കുന്ന രണ്ട് കാര്യങ്ങളാണ് തുടർന്ന് ചിന്തിക്കുന്നത്.

1. ശിഷ്യത്വം: സഹനത്തിന്റെ അനുഭവം

വാ:38,39 “യേശു അവരോട് നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും നിങ്ങൾക്ക് കഴിയുമോ എന്ന് ചോദിച്ചതിന് കഴിയും എന്ന് അവർ പറഞ്ഞു. യേശു അവരോട് ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കുകയും ഞാൻ ഏൽക്കുന്ന സ്നാനം ഏൽക്കുകയും ചെയ്യും”.

യഥാർത്ഥമായ ശിഷ്യത്വം എന്നത് സഹനത്തിന്റെ അനുഭവമാണ്. “ഒരു ദിവസം ചെറുപ്പക്കാരനായ മനുഷ്യൻ നിത്യതയുടെ ഉറവിടമന്വേഷിച്ച് യാത്ര പുറപ്പെട്ടു. രണ്ടു വഴികളിലേക്ക് തുറക്കപ്പെട്ട വാതിൽക്കൽ അയാൾ എത്തിച്ചേർന്നു. അതിൽ ആദ്യത്തെ വഴി പുഷ്പവൃക്ഷങ്ങളാൽ അലംകൃതമായിരുന്നു. ഒരുപാട് പേർ ആടിപ്പാടി സന്തോഷത്തോടെ ആ വാതിലിലൂടെ പോയികൊണ്ടിരുന്നു. രണ്ടാമത്തെ വാതിലാകട്ടെ കല്ലുകളും മുള്ളുകളും നിറഞ്ഞ ക്ലേശകരമായ പാതയായിരുന്നു. അപൂർവ്വം ചിലർ മാത്രമെ ആ വാതിലിലൂടെ പ്രവേശിക്കുന്നുണ്ടായിരുന്നുള്ളൂ. ഇത് കണ്ട് ആശങ്കപ്പെട്ട് നിന്ന ചെറുപ്പക്കാരനോട് കൈയ്യിൽ വിളക്കുമായി വന്ന വൃദ്ധൻ പറഞ്ഞു “ ജീവിക്കാനായി നിങ്ങൾക്ക് രണ്ട് വഴികളെയുള്ളൂ. ആദ്യത്തേത് സുഖകരമായതാണ്. ആനന്ദപ്രദമാണ്. ശൂന്യതയിൽ അവസാനിക്കുന്ന തെറ്റായ പാതയാണ് ഇത്. എന്നാൽ കൂടുതൽ പേരും സഞ്ചരിക്കുന്നത് ഈ വഴിയിലൂടെയാണ്. രണ്ടാമത്തേത് സഹനത്തിന്റെ ഒറ്റയടി പാതയാണ്. ഈ പാതയിലൂടെ സഞ്ചരിക്കുന്നവർ ബഹുദൂരം സഹനം അനുഭവിക്കേണ്ടി വരും. ശിഷ്യത്വത്തിന്റെ പാതയെന്നത് സഹനത്തിന്റെ അനുഭവങ്ങളാണ്. ആ പാതയിൽ നാം സഞ്ചരിക്കുമ്പോൾ അനേകം പ്രതിസന്ധികളും, വേദനകളും നാം സഹിക്കേണ്ടിവരും. എന്നാൽ അതിനെയെല്ലാം നാം നേരിടണം ശിഷ്യത്വത്തിന്റെ അനുഭവമായ സഹനത്തെ നമ്മുടെ ജീവിതത്തിൽ ഒരു വെല്ലുവിളിയായ് സ്വീകരിക്കണം. ‘ശിഷ്യൻ’ എന്നാൽ അനുഗമിക്കുക, അനുകരിക്കുക, പിൻഗമിക്കുക എന്നീ അർത്ഥങ്ങളുണ്ട്. ശിഷ്യത്വം എന്നത് സ്വയം നൽകലാണ്. അത് വിലയുള്ളതാണ്. യേശുവിന്റെ ശിഷ്യനായിരിക്കുക എന്നാൽ യേശുവിന്റെ ദൗത്യത്തോടുള്ള പങ്കുചേരലാണ്. വിശ്വസ്തതയിലും സ്വയം വെടിയലിലുമാണ് ഈ പങ്കുചേരൽ ഉൾച്ചേർന്നിരിക്കുന്നത്. സ്വയം ശൂന്യവത്ക്കരണത്തിലും, സഹന ജീവിതത്തിലൂടെയാണ് ശിഷ്യത്വം പൂർണ്ണതയിലെത്തുന്നത്. ദൈവഹിത നിർവ്വഹണത്തിനായി ജീവിതത്തിൽ സഹനം അനുഭവിക്കുന്നവരാണ് യേശു ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യൻ ശിഷ്യത്വം എന്നത് ഉയർന്ന അവസ്ഥയാണ്. ഗുരുവിനെ ജീവിതത്തിൽ പകരുന്നവനാണ് യഥാർത്ഥ ശിഷ്യൻ. മർക്കൊസ് 10:43,44 ൽ രണ്ട് വ്യത്യസ്ഥമായ ശുശ്രൂഷ ശൈലികളെപ്പറ്റി പറയുന്നു.

(തുടരും)

# വാർത്തകളും കുറിപ്പുകളും

**തൊഴിയൂർ**: മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഭദ്രാസനദേവാലയത്തിൽ വിശുദ്ധ അമ്പത് നോമ്പിനോടനുബന്ധിച്ച് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നിരപ്പിന്റെ ശുശ്രൂഷയായ ശുബക്കോനോ നാലാം തിയ്യതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് നടത്തി. തുടർന്ന് ഉച്ചനമസ്ക്കാരവും ഉണ്ടായിരുന്നു.

**പഴഞ്ഞി**: സെന്റ് മേരീസ് ദേവാലയത്തിൽ 4-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിരപ്പിന്റെ ശുശ്രൂഷയായ ശുബ്ക്കോനോയും ഉച്ചനമസ്ക്കാരവും നടത്തി. ഫാ. പ്രിൻസ് ഐ. കോലാടി നേതൃത്വം നൽകി.

**പഴഞ്ഞി**: മാർച്ച് 3-ാം തിയ്യതി ഞായറാഴ്ച എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ്ടു പരീക്ഷ എഴുതുന്ന കുട്ടികൾക്കുവേണ്ടി വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനയും സന്നിഹിതരായ കുട്ടികൾക്ക് ഇടവകയുടെ ഉപഹാരമായി പേനയും നൽകി. ഇടവക വികാരി പ്രിൻസ് ഐ. കോലാടി, ഇടവക സെക്രട്ടറി സഖറിയ പി.കെ. എന്നിവർ നേതൃത്വം നൽകി.

**മാരാമൺ**: അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത മലങ്കര മർത്തോമ സുറിയാനി സഭയുടെ മാരാമൺ കൺവെൻഷനിൽ പങ്കെടുത്തു.

**നിരണം** : അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ബ്രദേഴ്സ് ചർച്ചസിന്റെ നിരണം കൺവെൻഷനിൽ പങ്കെടുത്തു.

**തൊഴിയൂർ** : ഇടവക ഭാരവാഹികളുടെയും സഭാ കൗൺസിൽ അംഗങ്ങളുടേയും തിരഞ്ഞെടുപ്പ് തൊഴിയൂർ സെന്റ് ജോർജ്ജ് ഇടവകയിൽ നടന്നു. കൗൺസിലിലേക്ക് നാലംഗങ്ങളെയും ഇടവക കമ്മറ്റിയിലേക്ക് 11 അംഗങ്ങളേയും ഇടവക വികാരി ഫാ. വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ തൊഴിയൂർ സെന്റ് ജോർജ്ജ് ഇടവക പള്ളിയിൽ ചേർന്ന ഇടവക പൊതുയോഗം തിരഞ്ഞെടുത്തു. ഇടവക സെക്രട്ടറി റിജു ചെമ്മണ്ണൂർ, ഇടവക ട്രഷറർ വികൂർ വടക്കൻ, കമ്മറ്റി അംഗങ്ങൾ ശ്യാം മണ്ടുംപാൽ, ബെന്യാമിൻ ചെമ്മണ്ണൂർ, തമ്പി വടക്കൻ, വിൽസൺ വടക്കൻ, വിനോയ് വടക്കൻ, റെജി ചീരൻ, റെജി കുണ്ടുകുളങ്ങര, സുനീഷ് സൈമൺ, ബിനീഷ് ചെമ്മണ്ണൂർ. സഭാ കൗൺസിൽ അംഗങ്ങൾ കൊച്ചുപാപ്പി വടക്കൻ, ഡേവി വടക്കൻ, റോയ് ചെമ്മണ്ണൂർ, റെജി കുണ്ടുകുളം.

**തൊഴിയൂർ** : തൊഴിയൂർ സെന്റ് ജോർജ്ജ് ഇടവകയുടെ കീഴിലുള്ള അഞ്ഞൂർ ഇമ്മാനുവേൽ സൺഡേ സ്കൂളിന്റെ വാർഷികവും സമ്മാനദാനവും ആഘോഷിച്ചു. ഇടവക വികാരി ഫാ. വർഗ്ഗീസ് വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു. സൺഡേ സ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബാബു കുണ്ടുക്കുളം അധ്യക്ഷത വഹിച്ചു. മറ്റു സൺഡേ സ്കൂൾ അധ്യാപകർ നേതൃത്വം നൽകി. സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ഇടവക അംഗങ്ങളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

**തൊഴിയൂർ** : തൊഴിയൂർ സെന്റ് ജോർജ്ജ് ഇടവകയുടെ കീഴിലുള്ള അഞ്ഞൂർ മാർ ബഹനാം ചാപ്പലിലും തൊഴിയൂർ താഴത്തെ അങ്ങാടി സ്ലീബാ ചാപ്പലിലും മൂന്നു നോമ്പ് ദിവസങ്ങളിൽ കരിപ്പകർച്ചയും അത്താഴ ഊട്ടും നടത്തി. ഊഴ വികാരി ഫാ. ഗീവർഗീസ് ചെമ്മണൂർ, ഇടവക സെക്രട്ടറി റിജു ചെമ്മണൂർ, ട്രസ്റ്റി വികൂർ വടക്കൻ, ശ്യാമു മണ്ടുംപാൽ എന്നിവരടങ്ങിയ ഇടവക കമ്മിറ്റി പരിപാടികൾക്ക് നേതൃത്വം നൽകി. ഇടവക അംഗങ്ങളുടെ സജീവ പങ്കാളിത്തവും ഉണ്ടായിരുന്നു.

**തൊഴിയൂർ** : സെന്റ് ജോർജ്ജ് ഇടവകയുടെ കീഴിലുള്ള അഞ്ഞൂർ മാർ ബഹനാം ചാപ്പലിലും തൊഴിയൂർ താഴത്തെ അങ്ങാടി സ്ലീബാ ചാപ്പലിലും മൂന്നു നോമ്പ് ദിവസങ്ങളിൽ കരിപ്പകർച്ചയും അത്താഴ ഊട്ടും നടത്തി. ഊഴ വികാരി ഫാ. ഗീവർഗീസ് ചെമ്മണൂർ, ഇടവക സെക്രട്ടറി റിജു ചെമ്മണൂർ, ട്രസ്റ്റി വികൂർ വടക്കൻ, ശ്യാമു മണ്ടുംപാൽ എന്നിവരടങ്ങിയ ഇടവക കമ്മിറ്റി പരിപാടികൾക്ക് നേതൃത്വം നൽകി. ഇടവക അംഗങ്ങളുടെ സജീവ പങ്കാളിത്തവും ഉണ്ടായിരുന്നു.

**ചെന്നൈ** : സെന്റ് ജോർജ് ഇടവകയിലെ സണ്ടേസ്കൂൾ സമ്മാനദാനവും, വാർഷികാഘോഷ പരിപാടികളും 3-3-2019 ഞായറാഴ്ച വൈകീട്ട് പ്രാർത്ഥന ഗാനത്തോട് കൂടി തുടങ്ങി. സണ്ടേസ്കൂൾ അധ്യാപിക വിന്നി ജോൺസൺ സ്വാഗതം അർപ്പിച്ചു. ഇടവക വികാരി റവ.ഫാദർ സ്കറിയ ചീരൻ, മുഖ്യ അതിഥി റവ.ഫാദർ സിറിൽ ആന്റണി, പ്രധാന അധ്യാപിക ഷൈനി ജോൺസനും മറ്റു അധ്യാപികമാരും ചേർന്ന് വിളക്ക് തെളിയിച്ചു. ഇടവക വികാരി റവ.ഫാദർ സ്കറിയാ ചീരൻ, മുഖ്യ അതിഥി റവ.ഫാദർ സിറിൽ ആന്റണി, ഇടവക സെക്രട്ടറി ജോയ്, ഇടവക ട്രഷറർ വിൽസൺ എന്നിവർ കുട്ടികൾക്ക് ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്തു. കൂടാതെ സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. അധ്യാപികമ്മാരുടെ പ്രത്യേക കലാപരിപാടിയും ഉണ്ടായിരുന്നു. സണ്ടേസ്കൂൾ അധ്യാപിക ജിനി അബ്രഹാം നന്ദി അർപ്പിച്ചു. സ്നേഹ വിരുന്നോടുകൂടി പരിപാടി സമാപിച്ചു.

**ചെന്നൈ**: സെന്റ് ജോർജ്ജ് ഇടവകയിൽ നിന്ന് ഇടവക കമ്മറ്റിയിലേക്ക് ഏഴു അംഗങ്ങളെ ഇടവക വികാരി ഫാ. സ്കറിയ ചീരന്റെ അധ്യക്ഷതയിൽ സെന്റ് ജോർജ്ജ് ഇടവക പള്ളിയിൽ ചേർന്ന ഇടവക പൊതുയോഗം തിരഞ്ഞെടുത്തു. 2019-2020 ലേക്ക് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങൾ. ശ്രീ. കെ. വി. ജോയ് - സെക്രട്ടറി, ശ്രീ. റിജോ ജോസ് - ട്രഷറർ, ശ്രീ. കെ. സി. വിൽസൺ, ശ്രീ. എം. ജെ. ബേബി, ശ്രി. സി. ജി. ബാബു, ശ്രീ. പി. വി. തോമസ്, ശ്രീ. എം. വി. യേശുതാസ് എന്നിവരാണ് മറ്റു കമ്മിറ്റി അംഗങ്ങൾ.

**കരിക്കാട്** : കരിക്കാട് സെൻറ്ജോർജ് സൺഡേസ്കൂൾ വാർഷീകവും സമ്മാനദാനവും ഇടവക വികാരി ഫാദർ വർഗീസ് വാഴപ്പിള്ളി ഉൽ ത്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. സൺഡസ്കൂൾ HM ലില്ലി ജോൺസൺ നേതൃത്വം നൽകി.

**എറണാകുളം**: മാർ കൂറിലോസ് ബാവ പള്ളിയിൽ ജീവകാരുണ്യ പ്രവർത്തനത്തിനുള്ള ധനശേഖരണാർത്ഥം ഇടവക വികാരി റവ.

ഫാ. തോമസ് ചീരന്റെ ആഭിമുഖ്യത്തിൽ 3.03.2019 ഞായറാഴ്ച, ഓരോ ഭവനത്തിനും ഓരോ കുടുക്ക (Piggy bank) വിതരണം ചെയ്തു. ഇടവക സെക്രട്ടറി പി. എസ്. ജോയ്, ട്രഷറർ തമ്പി തോലത്ത് എന്നിവരടങ്ങുന്ന കമ്മിറ്റി അംഗങ്ങൾ ഇതിന് നേതൃത്വം നൽകി.

**എറണാകുളം:** എറണാകുളം മാർ കൂറിലോസ് ബാവാ ഇടവക സണ്ടേസ്ക്കൂൾ വാർഷികവും സമ്മാനദാനവും 2019 മാർച്ച് 3 ന് കുന്നംകുളം ചാരിറ്റബിൾ സൊസൈറ്റി ഹാളിൽ വെച്ച് നടത്തപ്പെട്ടു. സഭയുടെ പരമാദ്ധ്യക്ഷൻ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ചടങ്ങ് ഉദ്ഘാടനം ചെയ്തു.ഇടവക വികാരി റവ. ഫാ. തോമസ് ചീരൻ അദ്ധ്യക്ഷത വഹിച്ചു. ഇടവക സെക്രട്ടറിയും സണ്ടേസ്കൂൾ പ്രധാനാധ്യാപകനുമായ പി.എസ്. ജോയ്, യൂത്ത്ലീഗ് സെക്രട്ടറി എബിൻ എൽവി, സണ്ടേസ്ക്കൂൾ ടീച്ചർമാരുടെ പ്രതിനിധിയായ ജൂബി ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. കുട്ടികളുടെ കലാപരിപാടികളോടെ സമാപിച്ചു.

**എറണാകുളം:** മാർ കൂറിലോസ് ബാവ പള്ളിയുടെ യൂത്ത് ലീഗ് അംഗങ്ങൾ 23.2.2019, ശനിയാഴ്ച, വാഗമണിലേക്ക്വിനോദയാത്ര പോയിരുന്നു. വികാരി റവ. ഫാ. തോമസ് ചീരൻ, യൂത്ത് ലീഗ് സെക്രട്ടറി എബിൻ എൽവി, ട്രഷറർ അബി എന്നിവർ നേതൃത്വം നൽകി.

**കല്ലുംപുറം:** കല്ലുംപുറം സെന്റ് ജോർജ്ജ് സണ്ടേസ്ക്കൂൾ വാർഷികവും സമ്മാനദാനവും സെന്റ് ജോർജ്ജ് നവതി പാരിഷ് ഹാളിൽ വെച്ച് ഫെബ്രുവരി 3-ാം തിയ്യതി നടത്തപ്പെട്ടു. സണ്ടേസ്കൂൾ പ്രധാനാധ്യാപിക മേരി സ്വാഗതം അർപ്പിച്ചു. അഭി. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ഗീവർഗ്ഗീസ് ചെമ്മണ്ണൂർ അദ്ധ്യക്ഷനായി. ഫാ. വർഗ്ഗീസ് വാഴപ്പിള്ളി, ഫാ. തോമസ് കുരിയൻ, ഇടവക സെക്രട്ടറി ജോസഫ് തമ്പി എന്നിവർ ആശംസ അർപ്പിച്ചു. സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളുടെ കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെട്ടു.

**പോർക്കുളം:** MKM സണ്ടേസ്കൂൾ സമ്മാന ദാനവും, വാർഷികവും 2019 ഫെബ്രുവരി 17 നു ഞായറാഴ്ച വൈകീട്ട് ആഘോഷിച്ചു. ഇടവക വികാരി റവ. ഫാ തോമസ് കുരിയൻ അധ്യക്ഷത വഹിച്ച സമ്മേളനം സഭ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപോലീത്ത ഉദ്ഘടനം ചെയ്തു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ N.I മോഹൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവക സെക്രട്ടറി ശ്രീ ഡേവിസ് ഇഗ ആശംസകൾ അറിയിച്ചു. സൺഡേസ്കൂൾ വിദ്യർത്ഥികൾക്കും അധ്യാപകർക്കും ഉള്ള സമ്മാനങ്ങൾ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് വിതരണം ചെയ്തു. കൂടാതെ സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**ഡൽഹി:** ഡൽഹിയിൽ നടന്ന നാഷ്ണൽ കൗൺസിൽ ഓഫ് ചർച്ചസ് (NCC) മീറ്റിങ്ങിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പ്രതിനിധിയായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത പങ്കെടുത്തു.

## 2018 ഫെബ്രുവരി മാസത്തിലെ ശരിയുത്തരങ്ങൾ

1. ദൈവത്തിന്റെ വചനം (എബ്രായർ 4 - 12)
2. ദൈവത്താൽ (എബ്രായർ 5 - 10)
3. പ്രത്യാശ (എബ്രായർ 6 - 19)
4. യഹൂദയിൽ നിന്ന് (എബ്രായർ 7 - 14)
5. മഹാപുരോഹിതൻ ആണ്ടിൽ ഒരിക്കൽ (എബ്രായർ 9 - 7)
6. തിരശ്ശീല (എബ്രായർ 10 - 19)
7. എന്റെ നീതിമാൻ (എബ്രായർ 10 - 38)
8. ഇയ്യോബിന്റെ ((ഇയ്യോബ് 16:17)
9. സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ (ഇയ്യോബ് 22:23)
10. പാതാളത്തെ (ഇയ്യോബ് 17:13)

***ശരിയുത്തരങ്ങൾ അയച്ചുതന്നവർ :***

1. സ്മിത ജോസ്, ചാലിശ്ശേരി
2. അത്തനാസ് പി.ജോർജ്ജ് പേരാമംഗലം
3. ജോളി ജെയിംസ് - പേരാമംഗലം
4. തബീഥാ കുഞ്ഞപ്പൻ - തെക്കേപ്പുറം
5. ആനി ടോണി - കാണിപ്പയ്യൂർ
6. സിജി ബാബു - അക്കിക്കാവ്
7. ജിൻസി സിജോ - ചാലിശ്ശേരി
8. ജെസ്സി ജോസ് - ചാലിശ്ശേരി
9. ജെമി ബാബു - ചാലിശ്ശേരി
10. ശോഭ ജോസഫ് - കല്ലുംപുറം
11. റെജി വിൽസൺ - കാണിപ്പയ്യൂർ

**വിജയി:**
തബീഥാ കുഞ്ഞപ്പൻ
തെക്കേപ്പുറം

ശരിയുത്തരങ്ങൾ അയക്കേണ്ട വിലാസം
ഫാ. തോമസ് കുരിയൻ, ക്വിസ് കോ-ഓഡിനേറ്റർ
ചെറുവത്തൂർ ഹൗസ്, കല്ലുംപുറം - 680 543
ഫോൺ: 96771 56474

സമ്മാനത്തിനർഹമായ നമ്പറുകൾ

ക്രിസ്തുമസ് പുതുവത്സര ബമ്പർ സമ്മാനം

| |
|---|
| 1013 |
| 1107 |
| 1441 |

ഭദ്രാസന ഓഫീസുമയോ, യൂത്ത്ലീഗ് സെക്രട്ടറിയുമായോ ബന്ധപ്പെടുക.
Fr. Thomas Cheeran 7012389585

# SHEENLAC

**PAINTS**

Since 1962 with quality perfection.

Ranked as the 5th largest paint company in India.

Operating 32 branch office, spread India and Sri Lanka.

Sheenlac is expanding both in the domestic & export markets and hopes to be India's leading paint company by 2020.

Sheenlac has 4 state of the art, quality certified plants with a combined production capacity of 1,00,000 KL per annum.

It is customer-centric company focussing on innovation and service.




SHEENLAC
WOOD COATINGS
Since 1962
www.sheenlac.in

SHEENLAC NOROO
KOREA'S LEADING AUTO FINISHES
Since 1945
www.sheenlacnoroo.com

JN PAINTS Jenson & Nicholson
DECORATIVE COATINGS
Since 1922
www.jnpl.in

INSPIRING CREATIVITY


Printed and Published by Rev. Fr. Thomas Cheeran on behalf of Malabar Independent Syrian Church Youth League Kunnamkulam and Printed at Glamour Offset Printers Pattambi Road, Kunnamkulam and Published at M.I.S.C.Y,L. Office, St. Thomas Church, Guruvayoor Road, Kunnamkulam. Chief Editor : Rev. Fr. Aphrem Anthikad